# ജാമക്കാരൻ

WATCHMAN

കാവൽക്കാരൻ



(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



**കർത്താവിൽ പ്രിയരെ,**

**ക്രിസ്തുവിന്റെ സമാധാനം നിങ്ങൾ എല്ലാവർക്കും സമൃദ്ധിയായി ലഭിക്കുമാറാകട്ടെ!**

മേയ്മാസത്തെ ‘ജാമക്കാരൻ’ മാസികയിൽ ഇതുവരെ ഇല്ലാത്ത രീതിയിൽ അക്ഷരത്തെറ്റുകൾ ഉായതായി ഞാൻ അറിഞ്ഞു. തിരുവനന്തപുരത്തുനിന്ന് തർജ്ജിമ ചെയ്തുകിട്ടിയ മാസികയുടെ മാറ്ററിൽ ഒരു അക്ഷരതെറ്റും ഇതുവരെ ഉായിരുന്നില്ല. അത് സേലത്തിൽ പ്രിന്റിംങ് പ്രസിലേക്ക് അയയ്ക്കാൻവേി കിട്ടിയ മാറ്ററിന്റെ ഫോ് മാറ്റിയപ്പോൾ കംപ്യൂട്ടറിൽ ഉായ റിപ്പയർ തകരാറു കാരണം അത്രയും തെറ്റുകൾ ഉാകാൻ ഇടയായി. ആ സമയത്ത് ഞാൻ വടക്കേ ഇന്ത്യയിൽ ആയിരുന്നതുകൊും ആഫീസിൽ ഉള്ളവർക്ക് മലയാളം അറിയാത്തതുകൊ് ഒരു ലേഖനം 2 പ്രാവശ്യം വരുവാനിടയായി. ഇനി ഇത് ആവർത്തിക്കാതിരിക്കാൻ ഞാൻ ശ്രദ്ധിക്കും.

കഴിഞ്ഞ മാസം ഇന്ത്യയിൽ ഛത്തീസ്ഘട്ട് സംസ്ഥാനത്തിലുള്ള വനങ്ങളിലും, ഇന്ത്യയുടെയും നേപ്പാളിന്റെയും അതിർത്തിയിലുള്ള യേശുക്രിസ്തുവിനെ കുറിച്ച് ഒരു പ്രാവശ്യം പോലും കേട്ടിട്ടില്ലാത്ത ജനങ്ങളുടെ ഇടയിൽ സുവിശേഷം അറിയിച്ചു.

ഈ വടക്കേ ഇന്ത്യ യാത്രയിൽ 35 വർഷങ്ങൾക്കുമുൻപു പല സംസ്ഥാനങ്ങളിൽ ഉള്ള മാർത്തോമാസഭയുടെ കൺവെൻഷനുകളിൽ പ്രസംഗിച്ചും, അന്ന് പരിചയപ്പെട്ടതുമായ എന്റെ വായനക്കാരുടെ കുടുംബങ്ങളെ സന്ദർശിക്കുവാൻ എനിക്ക് അവസരം കിട്ടി. ഒരു വീട്ടിൽ എത്തിയ ഉടൻ ആ വീട്ടുകാർ അറിയിച്ചതനുസരിച്ച് 40ഓളം കുടുംബങ്ങൾ എന്നെ കാണാൻ ആകാംക്ഷയോടെ എത്തിച്ചേർന്നു. ഇതു കപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടു. ആ കുടുംബത്തിൽ ഉള്ള ര് മൂന്ന് തലമുറകളെ ഒരുമിച്ച് കതിലും അവരിൽ ഓരോരുത്തരുടെയും കൈയിൽ വേദപുസ്തകത്തെയും കു സന്തോഷിച്ചു. വചന രഹസ്യങ്ങളെ അറിയാനും വേദപുസ്തകത്തിലുള്ള ചോദ്യങ്ങളെ ചോദിച്ച് വിവരങ്ങൾ അറിയാനും അവർ

# JULY 2014

ആഗ്രഹിച്ചിരുന്നു. അവരുടെ ചോദ്യങ്ങൾക്കെല്ലാം വചന അടിസ്ഥാനത്തിൽ മറുപടി കൊടുത്തു. കൺവൻഷനിൽ പ്രസംഗിക്കുന്നതുപോലെ അവരുടെ മദ്ധ്യത്തിൽ ഒരു പ്രസംഗം നടത്തിയതിൽ എന്റെ മനൽ വലിയ തൃപ്തി ഉായി. ഞാൻ സർശിച്ച എല്ലാ കുടുംബങ്ങളെയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ!

ഇനി വരുന്ന മാസങ്ങളിൽ ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുള്ള സഭകളിലും മിഷണറിമാർ ആരംഭിച്ച സഭകളിലും ദൈവവചനം പങ്കുവയ്ക്കാൻ നേരത്തേ അവർക്കു തീയതി കൊടുത്തിരിക്കുന്നു. മുംബൈ, ഗുജറാത്ത്, രാജസ്ഥാൻ, ഗോവ, ഡൽഹി, മധ്യപ്രദേശ്, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിൽ ഉള്ള എല്ലാ സഭകളിലും പ്രസംഗിക്കുവാനും കഴിഞ്ഞ 40 വർഷങ്ങളിൽ പല പ്രാവശ്യങ്ങളിൽ ഈ സ്ഥലങ്ങളിൽ ദൈവവേല ചെയ്യുവാനും സാധിച്ചു. ഒരു സംസ്ഥാനത്തിൽ ഒരു സഭയിൽ മാത്രം.

6 പ്രാവശ്യം കൺവെഷനിൽ പ്രസംഗിക്കാൻ ഞാൻ പോയി വന്നു. അതുകൊാണ് ഈ പ്രാവശ്യം ഇന്ത്യയുടെ വടക്കു കിഴക്കു ഭാഗങ്ങളിലുള്ള സഭകൾക്ക് കൂടുതൽ തീയതികൾ കൺവെൻഷന് കൊടുത്തിരിക്കുന്നതു. അവിടെ ഉള്ള ക്രിസ്ത്രീയസഭ വിശ്വാസികളും മിഷണറിമാർ ആരംഭിച്ച പുതിയ സഭ വിശ്വാസികളും, എന്റെ വരവിനായി ആകാംക്ഷയോടെ വചനങ്ങൾ കേൾക്കുവാൻ കാത്തിരിക്കുന്നു. ഈ സ്ഥലങ്ങൾ സന്ദർശിക്കുവാൻ കഠിനമായ യാത്രകൾ ചെയ്യേി വരും. ഇതുവരെ എത്രയോ നീയാത്രകൾ ഇന്ത്യയിൽ കഴിഞ്ഞ കാലങ്ങൾ ദൈവവേലയ്ക്കായി ചെയ്യുവാൻ എനിക്കു സാധിച്ചു.

ഒരു യാത്രയിൽ മാത്രം ഏകദേശം 7000 കി.മീ യാത്ര ചെയ്തു. യാത്രയിൽ ഒരു അപകടമോ അസുഖമോ എനിക്കു സംഭവിച്ചിട്ടില്ല. ഓരോ വനത്തിലും പോയി വന്നപ്പോൾ വിഷജന്തുക്കളാലോ വന്യ മൃഗങ്ങളോ ഒരു അപകടവും ഉാക്കാതെ ദൈവം എന്നോടു കൂടെയിരുന്നു, സംരക്ഷിച്ചു. ഇപ്പോഴും ആ ദൈവം എന്നോടുകൂടെ ഉ്. ഇനിയുള്ള ദൈവവേലയിലും, യാത്രയിലും ഞാൻ ബലഹീനനായി വന്നാലും എന്നെ നടത്തുവാൻ ആ കൃപ എനിക്കു മതി. നിങ്ങൾ എല്ലാവർക്കും വേി തുടർന്നു പ്രാർത്ഥിക്കുന്നു.

നിങ്ങൾ അയച്ച എല്ലാ ഓൺലൈൻ, ഡി.ഡി., ചെക്കുകൾ, മണിഓർഡർ വഴിയായി അയച്ച പണം ഇവ എല്ലാം കിട്ടി. അതിന്റെ രസീതുകൾ എല്ലാവർക്കും ഞാൻ അയച്ചു കഴിഞ്ഞു. ഈ ദൈവവേലയെയും, ഈ മാസികയ്ക്കു വേിയും തുടർന്ന് പ്രാർത്ഥിക്കുന്ന എല്ലാ സഭകളിലേയും വായനക്കാരെയും ഞാൻ വാഴ്ത്തുന്നു.

**ഡോ:പുഷ്പരാജ്**

## ജാമക്കാരൻ മാസിക

ജാമക്കാരൻ മാസിക ലഭിക്കാത്തവർ ഇന്റർനെറ്റിൽ എന്റെ ജാമക്കാരൻ വായിക്കാം. അങ്ങനെയും വായിക്കാൻ സാധിക്കാത്തവർക്കു വെബ്സൈറ്റിലും വായിക്കാം.
വെബ്സൈറ്റ്: www.jamakaran.com

ഇതുവായിച്ചു വിവരങ്ങൾ ഡൗൺലോഡ് ചെയ്യാനും സാധിക്കും. ◉

# എന്റെ മിഷണറി വേലയിൽ എനിക്കു ായ അനുഭവങ്ങൾ

നമ്മുടെ കർത്താവ് സ്ഥാപിച്ച പുതിയനിയമസഭയിൽ ആത്മീയവർദ്ധന ഉാകുവാൻ സുവിശേഷ വേലയ്ക്കു വേി കർത്താവ് ചിലരെ അപ്പോസ്ഥലന്മാരും ചിലരെ പ്രവാചകരായും ചിലരെ സുവിശേഷകരായും ചിലരെ ഇടയന്മാരായും (പാസ്റ്റർ) ചിലരെ ഉപദേഷ്ടാക്കന്മാരായും നിയമിച്ചു (എഫേ-4:12,13). മുകളിൽ പറഞ്ഞ 5 വിധ ദൈവവേലകൾ സഭയ്ക്കുള്ളിലിരുന്നും സഭയ്ക്കു വേിയും ഉള്ള ശുശ്രൂഷകൾ ആണ്. ഇതിൽ **അപ്പോസ്തല** ശുശ്രൂഷ മാത്രം യേശുക്രിസ്തുവിന്റെ നേരിട്ടുള്ള തെരെഞ്ഞെടുപ്പിൽ പ്രവർത്തിച്ചു. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ അപ്പോസ്ഥലന്മാരായി തെരെഞ്ഞെടുക്കപ്പെട്ട 12 പേരിൽ ഇസ്കാരിയോത്ത് യൂദാ മരിച്ച ശേഷം അവസാനമായി അപ്പോസ്ഥല ശുശ്രൂഷയ്ക്കു യേശുവിനാൽ തെരഞ്ഞെടുക്കപ്പെട്ടത് പൗലോസ് അപ്പോസ്ഥലൻ ആകുന്നു. ഈ അപ്പോസ്ഥല ശുശ്രൂഷ ശിഷ്യന്മാരുടെ മരണത്തോടു കൂടെ അവസാനിച്ചു. **ഇനി ആരും തന്നെ അപ്പോസ്ഥലൻ എന്ന് വിളിക്കപ്പെടാൻ പാടില്ല.**

ശേഷമുള്ള 4 ദൈവവേലയിൽ ഇടയൻ, ഉപദേഷ്ടാവ്, പ്രവാചകൻ എന്നീ 3 ശുശ്രൂഷകൾ പ്രത്യേകം പ്രത്യേകമായി പ്രവർത്തിച്ചു പോന്നു. പില്ക്കാലത്ത് സഭയുടെ ഇടയൻ തന്നെ ഉപദേഷ്ടാവായും, ദൈവസഭവേലയും, പ്രവചനശുശ്രൂഷയും ചേർത്ത് ചെയ്തു. അതുകൊ് ഉപദേഷ്ടാവ് ദൈവവേല പ്രവചന ശുശ്രൂഷ എന്ന് പ്രത്യേകമായി പ്രവർത്തിയുമില്ല.

## (FMPB FOUNDERS - EARLEY PHOTOS - 1964)



Bro.P.Samuel (Bethel Fellowship) | Rev.Dr.Theodre Williams, IEM & FMPB Founder | Bro.Albert, David | Bro.Fred Gogavi | Rev.Dr.Sam Kamalesan Bethel Fellowship & FMPB Founder

വേദപുസ്തകം എഴുതപ്പെടാത്ത കാലത്തിൽ, സഭയെ ശുദ്ധീകരിക്കാൻ വേി പ്രവചന വരവും പ്രവചന ശുശ്രൂഷയും സഭയ്ക്കു ആവശ്യമായിരുന്നു. പ്രവാചകൻ എന്നാൽ കർത്താവിന്റെ വാക്കിനെ അറിയിക്കുന്നവൻ എന്നാണ് അർത്ഥം. പ്രവചനം എന്നാൽ കർത്താവിന്റെ വചനം എന്ന് അർത്ഥം. അതുകൊ് തന്നെ കർത്താവിന്റെ വാക്കിനെ ആ കാലത്തു പ്രവാചകന്മാരോടു തേടി എന്ന് വചനത്തിൽ എഴുതപ്പെട്ടിട്ട്.

രോഗശാന്തി വരത്തിനെക്കാൾ കർത്താവിന്റെ വാക്ക് എന്ന് വിളിക്കപ്പെടുന്ന പ്രവചനം വളരെ പ്രധാനമാണ്. അത് സഭാജനങ്ങളെ വിശുദ്ധീകരിയ്ക്കുവാനും ജനങ്ങളുടെ കുറവുകളെയും, പാപങ്ങളെയും ചൂിക്കാണിക്കാനും പ്രയോജനപ്പെട്ടു. അതുകൊ് തന്നെ പ്രവചനവരങ്ങളെ ആഗ്രഹിപ്പിൻ എന്ന് പൗലോസ് പറഞ്ഞു. വേദവചനം നമ്മുടെ കൈകളിൽ ലഭിയ്ക്കപ്പെട്ടശേഷം പ്രവചനം, വെളിപ്പാട്, ഇവ കർത്താവ് എടുത്തുകളഞ്ഞു പക്ഷേ അവ വേദപുസ്തകത്തിൽ തന്നെ എഴുതി ഉൾപ്പെടുത്തി.

**സുവിശേഷവേല**: സുവിശേഷവേലയിൽ തന്നെ മിഷണറി പ്രവർത്തനം അടങ്ങിയിരിക്കുന്നു. പിൽകാലങ്ങളിൽ സുവിശേഷവേല പ്രത്യേകമാക്കി, സുവിശേഷം അറിയാത്ത പട്ടണങ്ങളിൽ അറിയിക്കാൻ വേി, സഭയിൽ നിന്ന് സുവിശേഷകരായി ധാരാളം പേർ പുറപ്പെട്ട് ആത്മ ആദായം ചെയ്തതുകൊ് സഭയിൽ പുതിയ ആത്മാക്കളെ നിറച്ചു. സുവിശേഷവേലയിൽ, യേശു മശിഹ എന്നും പാപപരിഹാരിയായി രക്ഷിക്കുന്നവൻ എന്നും അറിയപ്പെട്ടു.

**മിഷണനറിവേല**

ഇന്നത്തെ മിഷനറിവേല എന്നത് അന്നത്തെ കാലത്തു സുവിശേഷകർ ചെയ്തു ശുശ്രൂഷ പോലെ അല്ല. പട്ടണങ്ങളെ വിട്ടു, ഗ്രാമങ്ങളെ കടന്ന്, വനങ്ങളിലും മലകളിലും ജീവിക്കുന്ന ജനങ്ങളുടെ അടുത്തു ചെന്ന് യേശുവിനെ ദൈവം എന്നും രക്ഷകൻ എന്നും അവർക്കു പരിചയപ്പെടുത്തിആദ്യമായിദൈവത്തെക്കുറിച്ച് അവരെ അറിയിക്കുന്നശുശ്രൂഷയാണ് മിഷണറിപ്രവർത്തനം.

മിഷണറിവേല എന്നതു കഠിനമായ ദൈവവേലയാകുന്നു. സുവിശേഷവേലയിൽ താമസിക്കാനും കിടക്കാൻ വീടും സൗകര്യങ്ങളും കിട്ടും; യാത്ര വഴികളും കഠിനമായതല്ല. മിഷണറിവേല എന്ന് പറയുന്നത് അങ്ങനെയല്ല. യേശുക്രിസ്തുവിനെക്കുറിച്ച് കേൾക്കാത്ത ജനങ്ങൾക്ക് യേശുവിനെ അവരോടു അറിയിക്കുന്ന ശുശ്രൂഷയാണ് മിഷണറി വേല. ഈ വേല ചെയ്യുന്ന സ്ഥലങ്ങളിൽ താമസസൗകര്യം കിട്ടത്തില്ല. ആവശ്യമായ സമയത്തിൽ ആഹാരവും കിട്ടത്തില്ല. മൃഗങ്ങളും, പാമ്പുകളും, വിഷജന്തുക്കളും ധാരാളം ്. കാരവിഷം പുരട്ടിയ അമ്പുകൾ ഉപയോഗിയ്ക്കുന്ന ആദിവാസികൾ ഉാകാം. അവയ്ക്കിടയിൽ വളരെ ശ്രദ്ധയോടെ പെരുമാറണം. എന്നാലും ആ സ്ഥലത്തിലുള്ള ആദിവാസികൾക്കും യേശുക്രിസ്തുവിന്റെ ആദ്യവരവിനെക്കുറിച്ച് അറിയിക്കേത് നമ്മുടെ കടമയാകുന്നു. അവിടെ വാഹന സൗകര്യമില്ല. നടക്കാൻ പാതയില്ല. ആ ആദിവാസികൾ താമസിക്കുന്ന ഗ്രാമങ്ങളിൽ ചെല്ലണമെങ്കിൽ 10 അല്ലെ 20 മൈൽ നടന്നു തന്നെ ചെല്ലണം. രാവിലെ ആഹാരം കഴിച്ച് ഗ്രാമങ്ങളെ സന്ദർശിക്കാൻ ചെന്നാൽ രാത്രിയാണ് മിഷണനറികൾ വീടുകൾക്ക് മടങ്ങി വരുന്നത്. ഉച്ചഭക്ഷണം കിട്ടത്തില്ല. ആശുപത്രി സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലമാണ്. യേശുക്രിസ്തു തന്നെ പരമവൈദ്യനായി നമ്മോടുകൂടെ വരണം.

ഇങ്ങനെയുള്ള പ്രശ്നങ്ങളെ പ്രതീക്ഷിച്ച് എത്ര കഷ്ടങ്ങൾ വന്നാലും താങ്ങാനും സഹിക്കാനും ധൈര്യപ്പെടുമെങ്കിൽ മാത്രം മിഷണറിയായി പോകാൻ ഒരുങ്ങണം. ഈ വിവരങ്ങൾ അറിയാതെയും പ്രതീക്ഷിക്കാതെയുമാണു മിഷണറിവേല തെരഞ്ഞെടുത്താൽ ഒരാഴ്ചയ്ക്കകം തന്നെ നാട്ടിലേക്ക് മടങ്ങി വരേി വരും. ഇങ്ങനെ പ്രയാസത്തിന്റെ ഇടയിൽ ആദിവാസികൾക്ക് സുവിശേഷം അറിയിക്കുമ്പോൾ കിട്ടുന്ന ആത്മതൃപ്തി കൺവെൻഷനിൽ പ്രസംഗിക്കുമ്പോൾ കിട്ടത്തില്ല. ധാരാളം ദൈവവേലക്കാർ പട്ടണത്തിൽ പ്രസംഗിക്കാൻ മാത്രമേ ആഗ്രഹിക്കുന്നതിനുള്ളു. ഇതുപോലെ ആദിവാസികൾക്കിടയിൽ, സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ നടന്നു ചെന്നു സുവിശേഷം അറിയ്ക്കാൻ പല ദൈവവേലക്കാരും ഇഷ്ടപ്പെടുന്നില്ല.

# എന്റെ മിഷനറി അനുഭവം
# FMPB FIRST MISSIONERIES

1964–ാം വർഷം ഞാൻ ഡേനീഷ്പട്ട് ബെഥേൽ ഫെലോഷിപ്പ് എന്ന സ്ഥാപനത്തിൽ മെഡിക്കൽ ഡോക്ടർ ആയി ജോലി ചെയ്തപ്പോഴാണ് മാനസാന്തര അനുഭവം എനിക്കു കിട്ടിയത്. അപ്പോഴാണ് F.M.P.B (ഫ്രൺസ് മിഷണറി പ്രയർ ബ്രാൻഡ്) എന്ന് വിളിക്കപ്പെടുന്ന മിഷണറി സ്ഥാപനം ഡോ.സാം കമലേശൻ, ഡോ.തിയോഡർ വില്ല്യംസ്, ബ്രദർ.പി.സാമുവൽ, ഡോ. ജെ.ഡി.ദാനിയേൽ, ഡോ.എമിൽ ജപസിംഗ്, ഇവരും മറ്റു ചില ദൈവദാസന്മാരും ചേർന്ന് ആരംഭിച്ചതാണ് ഈ പ്രവർത്തനം. പ്രാർത്ഥനയാണ് ഈ സ്ഥാപനത്തിന്റെ അടിസ്ഥാനം. ആ സമയത്ത് ഇവരുടെ ആനുവൽ റിട്രീറ്റ് (FMPB) ഓരോരോ വർഷവും ഡാനീഷ് പേട്ടയിൽ നടത്തപ്പെട്ടിരുന്നു. ഓരോരോ വർഷവും നൂറുകണക്കിന് ആളുകൾ ആ യോഗത്തിൽ മിഷണറികളായി പുറപ്പെട്ടു ചെല്ലുവാൻ തങ്ങളെ സമർപ്പിച്ചു. പക്ഷേ സമർപ്പിച്ചവരാരും മിഷണനറികളായി പുറപ്പെട്ടിട്ടില്ല. 1967–ാം വർഷം അവിടെ നടന്ന മിഷണറിയോഗത്തിൽ ഞാനും ആദ്യത്തെ മിഷണറിയായി എന്നെ സമർപ്പിച്ചു. എന്റെ തീരുമാനത്തെ FMPB ഭാരവാഹികളോടു അറിയിച്ചു. 1967 മെയ് മാസം ആദ്യത്തെ മിഷണറിയായി എന്നെ തെരഞ്ഞെടുത്തു. ഈ സമയം സഹോ.ഹാരീസ് ഹിൽട്ടൻ, സിമന്റ് ഫാക്ടറിയിൽ നല്ല ജോലിയിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം ജോലി രാജിവെച്ച് മിഷണറി പ്രവർത്തനത്തിന് ഡാനിഷ് പേട്ടയിൽ വന്നു ചേർന്നു. ഞങ്ങൾ രുപേരും ആദ്യത്തെ മിഷനറിമാരായി **പെരിയമല** എന്നു വിളിക്കപ്പെടുന്ന മലയുടെ താഴ്‌വരയിൽ വച്ചു പ്രതിഷ്ഠിക്കപ്പെട്ടു. ഞങ്ങളുടെ ഒപ്പം വന്ന മുകളിൽ പറഞ്ഞ ദൈവദാസന്മാരും മല കയറി ഞങ്ങളെ ആദിവാസികളുടെ ഗ്രാമത്തിൽ കൊുപോയി ചേർത്തു. ഈ മലയിലാണ് ചന്ദന കടത്തിൽ കുപ്രസിദ്ധനായ വീരപ്പൻ താമസിച്ചിരുന്നത്.



Bro.Harris Hilton



Dr.Pushparaj

ആ സ്ഥലത്ത് ഞങ്ങൾ എത്തിച്ചേർന്ന ഉടനെ താമസസൗകര്യത്തിനായി ആദിവാസി തലവനോട് അഭ്യർത്ഥിച്ചു. ഒഴിഞ്ഞു കിടക്കുന്ന കുടിലുകൾ ഒന്നും തത്കാലം ഇല്ലായിരുന്നു. **പന്നികൾക്ക്** വേി ഉാക്കിയ കുടിൽ പലവർഷങ്ങളായി വെറുതെ കിടന്നിരുന്നു. നിങ്ങൾക്ക് ആക്ഷേപം ഇല്ലെങ്കിൽ അവിടെ പോയി താമസിക്കാം. പന്നികൾക്ക് വേി ഉാക്കിയ കുടിൽ ആയതുകൊ് ആ കുടിലിന്റെ വാതിലുകൾ പന്നിയുടെ ഉയരത്തിലാണ് പണിതിരുന്നത്, ഉള്ളിൽ ര് പേർക്ക് മാത്രം കിടക്കാൻ സ്ഥലം ഉായിരുന്നു. നില്ക്കാൻ സാധിക്കാതെ കിടക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. ഞങ്ങൾ രുപേരെയും ആ കുടിലിൽ ആക്കിയിട്ട് ഡോ.സാം കമലേശനും മറ്റും ഭാരവാഹികളും പ്രാർത്ഥിച്ചു, അതിനുശേഷം നാട്ടിലേക്ക് മടങ്ങിപ്പോയി. ആ കാലത്തിലാണ് ഡോ.തിയോഡർ വില്യംസ് ഐ.ഇ.എം എന്ന മിഷണറി സ്ഥാപനം തുടങ്ങിയത്. അദ്ദേഹം വഹിച്ച ജനറൽ സെക്രട്ടറി പദവി **ഡോ.എമിൽ ജപസിംഗ്** (വിശ്വവാണി & TWR) അവർകൾ

ഏറ്റെടുത്തു. അന്നു രാത്രി ആഹാരത്തിന് വേി കല്ല് വെച്ച് അടുപ്പ് ഉാക്കി ആഹാരം വേവിച്ച് കഴിച്ചു, രാത്രി കുടിലിൽ കയറി പ്രാർത്ഥിച്ച് ഉറങ്ങി. ആ വനം നിറയെ ആനകൾ നിറഞ്ഞ സ്ഥലമായതുകൊ് ഭയത്തോടെ കിടന്നുറങ്ങിയത് മിഷണറികളായി പോയ ഞങ്ങളുടെ ജീവിതത്തിലെ ആദ്യ അനുഭവമാണ്. രാവിലെ ഉണർന്ന ശേഷം ഞങ്ങൾ പുതച്ച ആ കമ്പിളിയുടെ മേലെ തേൾ, എലി കുഞ്ഞുങ്ങൾ പാമ്പുകളും, പഴുതാര ഇങ്ങനെ പലതും കു. അനങ്ങാതെ ആ കമ്പിളിയുടെ 4 മൂലയിലും പിടിച്ചു. കുടിലിനു വെളിയിൽ കൊുപോയി കുടഞ്ഞ് വൃത്തിയാക്കി. പക്ഷെ ഒരു വിഷ ജന്തുക്കളും ഞങ്ങളെ കടിച്ചിട്ടില്ല.

# മിഷണറി വേല തുടങ്ങി

രാവിലെ പ്രാർത്ഥിച്ചു ഞങ്ങൾ രുപേരും സുവിശേഷം അറിയിക്കാൻ കൊടും വനങ്ങളിൽ കടന്നു ചെന്നു. അവിടെയുള്ള എല്ലാവരോടും സുവിശേഷം അറിയിച്ചു. പിറ്റെ ദിവസം മറ്റൊരു ഗ്രാമത്തിലേക്ക് ഞങ്ങൾ പുറപ്പെട്ടു. അത് വെളിച്ചമില്ലാത്ത, ഇടതൂർന്ന വനമായിരുന്നു. ടോർച്ച് വെളിച്ചത്തിലാണ് ഞങ്ങൾ നടന്നു പോയത്. ഞാൻ പതിവായി ഉപയോഗിക്കുന്ന മഴക്കോട്ടും, തലയിൽ തൊപ്പിയും വച്ചുകൊ് നടന്നു. ഞാൻ മുന്നിലും മറ്റേ സഹോദരൻ ഹാരിസ് പിന്നാലെയും നടന്നു. ഒരു സ്ഥലത്തു എത്തിയപ്പോൾ ഹാരിസ് എന്നെ പിടിച്ചു അനങ്ങരുതു എന്നു പറഞ്ഞു എന്നെ നിർത്തി. അവിടെ ര് മരങ്ങൾ നില്ക്കുന്നതുപോലെ ഞങ്ങൾക്ക് തോന്നി. പിന്നെയാണ് അത് മരമല്ല, ഒരു വലിയ ആനയുടെ പിൻകാലുകൾക്ക് ഇടയിൽ ആണ് ഞങ്ങൾ എന്നു കു. പതുക്കെ ഞങ്ങൾ പിന്നോട്ടു നീങ്ങിയപ്പോഴാണ് ആ ആന പിണ്ഡം ഇടാനും മൂത്രം ഒഴിക്കാനും കാലുകൾ വിരിച്ചതാണ് എന്ന് ഞങ്ങൾ അറിഞ്ഞത്. ആ സ്ഥലത്തിലിരുന്ന ഞങ്ങൾ നീങ്ങിയില്ലായിരുന്നെങ്കിൽ വെള്ളച്ചാട്ടം പോലെ ആ മൂത്രവും, തേങ്ങകുലപോലെ ആ പിണ്ഡവും ഞങ്ങളുടെ മേലെ വീഴുമായിരുന്നു. ആ ആന സ്ഥലത്ത് നിന്ന് മാറിപ്പോകാൻ 40 മിനിറ്റ് എടുത്തു. അതുകൊ് ഞങ്ങൾ അനങ്ങാതെ നിന്നു. അതിന്റെ ശേഷം ഞങ്ങൾ മറ്റൊരു ഗ്രാമത്തിലേക്ക് പോകാൻ സമയം വൈകി. എങ്ങനെയോ ചെറിയ കുടിലുകൾ നിറഞ്ഞ ഒരു ഗ്രാമത്തിൽ എത്തി ഭയങ്കരവിശപ്പ്. അവിടെ ഒരു ചെറിയ ചായക്കട ക് അവിടെ ചെന്ന് പാട്ടുകൾ പാടി സുവിശേഷം അറിയിച്ചു. പാട്ടുപാടിയതിനായി എന്തെങ്കിലും കിട്ടും എന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. അന്ന് രാത്രി തന്നെ തിരികെ ഞങ്ങളുടെ കൂടിലിലേക്ക് മടങ്ങി പോകാനുള്ള പ്രതീക്ഷയിലാണ് ഞങ്ങൾ പോയത്. അതുകൊ് കഴിക്കാൻ ഭക്ഷണം ഒന്നും ഞങ്ങൾ കരുതിയില്ല. സമയം വൈകിയതിനാൽ തിരികെ പോകാൻ സാധിക്കാതെ വന്നു ചായക്കടക്കാരൻ പാത്രങ്ങൾ കഴുകി ഞങ്ങളുടെ മുൻപിൽ കൂടി കടന്നു പോയി . ഇനി കഴിക്കാൻ ഒന്നുമില്ല. അന്ന് രാത്രി ഉറങ്ങാൻ ഒരു സ്ഥലം തിരക്കി, ഓരോ കുടിലിലും ചെന്ന് സ്ഥലം ചോദിച്ചു. ആരും അനുവദിച്ചില്ല. ഒരു വീട്ടിൽ പ്രായമുള്ള ഒരാൾ ഉായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിലെ എല്ലാവരും വേറൊരു സ്ഥലം പോയിരുന്നതിനാൽ, ഞങ്ങളെ അവിടെ താമസിപ്പിക്കാൻ ദൈവം അദ്ദേഹത്തിന് തോന്നിപ്പിച്ചു. അന്ന് രാത്രി പാട്ട് പാടി, പ്രാർത്ഥിച്ചു, കിടന്നു. വളരെ വിശപ്പുായിരുന്നതിനാൽ വെള്ളം വാങ്ങി കുടിച്ചു, കുറച്ചു വിശപ്പുമാറി. പിറ്റെ ദിവസം രാവിലെ ആളുകൾ കൂടുന്ന സ്ഥലത്തിൽ ഞങ്ങൾ പാട്ടു പാടി. ആ ജനങ്ങൾ ഞങ്ങളെ കുറിച്ച് അന്വേഷിച്ചു ഞാൻ ഒരു ഡോക്ടർ എന്ന് അറിഞ്ഞപ്പോൾ കിടപ്പിലായിരുന്ന ഒരു രോഗിയെ ചികിത്സിക്കാൻ ഞങ്ങളെ കൂട്ടിക്കൊുപോയി. കുത്തിവെച്ചു വേദന മാറി ശരീരം മുഴുവനും ഉള്ള ചെറിച്ചിൽ 5 മിനിറ്റിൽ കുറഞ്ഞു. അവർക്കു വലിയ

സന്തോഷം ഉായി. അവിടെ പണമിടപാട് സമ്പ്രദായം ഇല്ല. പകരം സാധനങ്ങൾ കൈമാറ്റം മാത്രമാണുള്ളത്. കുത്തിവച്ചതിന് പകരമായി തന്റെ കൈവശമുള്ള ര് സാധനങ്ങളെ കാണിച്ചു. ഒന്ന് പഴുത്ത ചക്കയും, മറ്റൊന്ന് പഞ്ഞിപ്പുല്ല് (റാഗി) പൊടിച്ചു ഒരു തുണിയിൽ പൊതിഞ്ഞത്, ഇതിൽ ഏത് വേണം എന്ന് ചോദിച്ചു. പണത്തിന് പകരം പഞ്ഞപുൽപൊടി മാത്രം വാങ്ങി ഞങ്ങളുടെ സ്ഥലത്തേക്ക് മടങ്ങി പോകാൻ ഒരുങ്ങി. വളരെ ദൂരം നടന്നു പോകേതുായിരുന്നു. വഴിയും ഞങ്ങൾക്ക് വ്യക്തമായിരുന്നില്ല. ആ സമയത്തിൽ ഒരു ലോറിയിൽ മുളകൾ കയറ്റി വന്നുകൊിരുന്നു. ഞങ്ങൾ അതിന് കൈ കാണിച്ച് നിർത്തി. പോകുന്ന വഴിയിൽ ഞങ്ങളുടെ സ്ഥലത്ത് ഇറക്കിവിടാൻ എന്റെ കൂടെ ഉായിരുന്ന സഹോദരൻ ക്ലീനറോഡ് ചോദിച്ചു, ക്ലീനർ ഡ്രൈവറോടു പറഞ്ഞു. ഡ്രൈവർ എന്നെ കപ്പോൾ എന്റെ മഴകോട്ടും തൊപ്പിയും ഇട്ട ആ വേഷം ഒരു വന അധികാരിയായി എന്നെ കരുതിയതിനാലാവാം, വളരെ ബഹുമാനത്തോടു വിയിൽ കയറ്റി. ഞങ്ങളുടെ കൈയിൽ പണം ഇല്ല. പണം ചോദിച്ചാൽ എന്തു ചെയ്യും എന്ന ഭാരം മനസ്സിൽ ഉായിരുന്നു. പക്ഷേ ഡ്രൈവർ ഞങ്ങളോടു പണം ചോദിക്കാതെ തന്നെ വളരെ ബഹുമാനത്തോടു ഞങ്ങളുടെ കുടിലിന്റെ അടുത്തു ഇറക്കി വിട്ടു. അന്ന് രാത്രി റാഗി പൊടിയിൽ കഞ്ഞി വെച്ചു കുടിച്ചു, ദൈവത്തെ സ്തുതിച്ചു. ഞങ്ങൾ സന്ദർശിച്ച എല്ലാവരെയും ഓർത്തു പ്രാർത്ഥിച്ചു അന്നു രാത്രി ഞങ്ങൾ കിടന്നുറങ്ങി, വളരെ സുഖമായ ഉറക്കമായിരുന്നു. ഇതുവരെ ഞാൻ പറഞ്ഞത് മിഷണറി പ്രവർത്തനത്തിന്റെ ആരംഭമായ അനുഭവങ്ങൾ ആണ്.

ആ വനത്തിലുള്ള ജനങ്ങൾക്കായും യേശു രക്തം ചൊരിഞ്ഞു. ആ ജനങ്ങളെയും ദൈവം സ്നേഹിച്ചതുകൊാണ് ഞങ്ങളുടെ കഠിനയാത്ര വഴിയായി അവരെ സന്ദർശിക്കുവാൻ ദൈവം പദ്ധതിയിട്ടത്. ലോകത്തിലുള്ള എല്ലാ ജനത്തെയും യേശുക്രിസ്തു സ്നേഹിക്കുന്നു. ഈ യേശുക്രിസ്തു ക്രിസ്ത്യാനിക്കുവേി മാത്രമല്ല ഈ ലോകത്തിൽ വന്നതും മരിച്ചതും. ലോകത്തിലുള്ള എല്ലാവർക്കും വേി രക്തം ചൊരിഞ്ഞു.

## ഒരു രാത്രി മുഴുവനും 2 ശവശരീരങ്ങൾക്കിടയിൽ ഒറ്റയ്ക്ക് കഴിഞ്ഞ വനിതാ മിഷനറി മറ്റൊരു (F.M.P.B ) മിഷനറി കുടുബത്തിന്റെ അനുഭവസാക്ഷ്യം

ഇന്ത്യയിലെ ഝാർഘ് സംസ്ഥാനത്തിലെ, **ഡെപ്രികോൾ** എന്ന മലനാട്ടിൽ, **മൾട്ടോ** വർഗ്ഗക്കാരുടെ ഇടയിൽ F.M.P.B മിഷണറി വയൽ പ്രദേശം ഉ്. ഈ കാടുകളിൽ ഉള്ള കൊതുക് കാരണം തലച്ചോറിനെയും കരളിനേയും ബാധിക്കുന്ന പ്രത്യേക തരത്തിലുള്ള മലമ്പനി, അവിടെ പ്രവർത്തിച്ച മിഷണറിയായ ബി.എ.ജയരാജ് അവർക്കും ബാധിച്ചു. ചികിത്സ ലഭിക്കാതെ അവിടെ വെച്ച് തന്നെ അദ്ദേഹം മരണപ്പെട്ടു. വൈകിട്ട് 6.30 മണി ആയത് കൊ് അടുത്തുള്ള മുഖ്യഗ്രാമത്തിൽ അറിയിക്കാൻ ആളുകളെ കിട്ടാതായി. അന്ന് രാത്രി മുഴുവനും, അദ്ദേഹത്തിന്റെ ഭാര്യ മൃതശരീരത്തിന്റെ അടുത്തിരുന്നു കരഞ്ഞുകൊിരുന്നു. അതിരാവിലെ, തന്റെ മൂത്ത മകനും അതേ രോഗത്താൽ മരിച്ചു. ഈ സഹോദരി തന്നെ ഒറ്റയ്ക്ക് മകന്റെ ശരീരത്തെ വലിച്ച്, തന്റെ ഭർത്താവിന്റെ ശരീരത്തിന് അടുത്ത് കിടത്തി 2 മൃതശരീരത്തിന്റെ ഇടയിലും പ്രാർത്ഥിച്ചുകൊിരുന്നു അവർ. അതിരാവിലെ ഗ്രാമത്തിലേയ്ക്ക് താൻ തന്നെപോയി വിവരം അറിയിക്കുവാൻ ആഗ്രഹിച്ചു. പക്ഷേ കുറുക്കന്മാർ ശവത്തിനെ കടിച്ചുകൊുപോകുമോ എന്ന് ഭയപ്പെട്ട് വീട്ടിനുള്ളിൽ തന്നെ ഇരുന്നു. വായനക്കാർ ആ സഹോദരിയുടെ സാഹചര്യത്തെ സങ്കൽപ്പിച്ചു നോക്കുവിൻ.

കർത്താവ് ആ സഹോദരിക്ക് ആ സമയത്ത് ഒരു പ്രത്യേക ബലം നൽകാതിരുന്നാൽ ആ 2 മൃത ശരീരങ്ങളുമായ് രാത്രി മുഴുവനും കഴിഞ്ഞു കൂടാൻ കഴിഞ്ഞിരിക്കുമോ? ദൈവത്തിന്റെ വാക്ക് അനുസരിച്ചല്ലേ, യേശു ജീവിക്കുന്നു എന്ന് അറിയിക്കുവാൻ അല്ലേ അവർ അങ്ങോട്ട് പോയത്. പക്ഷേ എന്തുകൊ് ദൈവം ഈ ക്രൂരതയേ അനുവദിച്ചു? ചില സമയം ഇങ്ങനെയുള്ള പ്രശ്നങ്ങൾ നേരിടേി വരുന്ന നമ്മൾക്കും ഈ ചോദ്യം ഉാകാം (വിലാപം 3:33) മനസ്സോടെ അല്ലല്ലേ അവൻ മനുഷ്യ പുത്രന്മാരെ ദുഃഖിപ്പിച്ച് വ്യസനിപ്പിക്കുന്നത്. 28-ാം വാക്യം, അവൻ അത് അവന്റെ മേൽ വെച്ചിരിക്കകൊ്, അവൻ തനിച്ച് മൗനമായിരിക്കട്ടെ.

അതിനു ശേഷം FMPB ഭാരവാഹികൾ വിവരങ്ങൾ അറിഞ്ഞ് ശവസംസ്കാരം നടത്തി. ഈ 2 മരണവിവരം ഗ്രാമത്തിലെ ജനങ്ങൾ അറിഞ്ഞ ശേഷം പകുതിയിൽ അധികം ആളുകളും യേശുവിനെ സ്വന്തരക്ഷിതാവായ് സ്വീകരിക്കുവാൻ ഇടയായി. ഇപ്പോഴും ആ മരിച്ച മിഷണറിയുടെ ഭാര്യ, അതേ സ്ഥലത്തിൽ തന്നെ വസിച്ച്, മിഷണറിവേല ചെയ്യുവാൻ തന്നെ അനുവദിക്കണം എന്ന് നിർബന്ധിച്ചുകൊിരിക്കുന്നു.

**ജാമക്കാരൻ:** മുകളിൽ വായിച്ചതുപോലെ മിഷണറിവേല എന്നു പറയുന്നത് മറ്റ് ശുശ്രൂഷ പോലെ എളുപ്പം അല്ല. ഈ ലോകം അവസാനിക്കണമെങ്കിൽ യേശുവിന്റെ 2-ാം വരവിന് മുൻപേ, ക്രിസ്ത്യാനികളായ നാം ചെയ്തു തീർക്കേതായ ദൈവവേല എന്നുള്ളത് മിഷണറിവേല ആകുന്നു. അതുകൊ് തന്നെ ലോകാവസാനത്തിന് എന്തെല്ലാം അടയാളം കാണപ്പെടും എന്ന് യേശു ക്രിസ്തു പറഞ്ഞിട്ടു്. (മത്തായി 24:14ൽ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും. അപ്പോൾ (ലോകത്തിന്) അവസാനം വരും.

ഇത് വായിക്കുന്ന എല്ലാ ജാമക്കാരൻ വായനക്കാരേയും ഞാൻ അറിയിക്കാൻ ആഗ്രഹിക്കുന്നത് എന്തെന്നാൽ: നിങ്ങളുടെ വരുമാനത്തിൽ നിന്ന് പല ദൈവവേലയേയും കൈതാങ്ങിക്കൊിരിക്കുന്ന നിങ്ങൾ അയക്കുന്ന പണം, പ്രയോജനം ഉള്ള ദൈവവേലയ്ക്ക് ആണോ എന്ന് ശോധന ചെയ്വിൻ.

സഹോദരൻ ഡി.ജി.എസ് ദിനകരന്റെ മകൻ, ഡോ.പോൾ ദിനകരൻ അവർകൾ ജനങ്ങളിൽ നിന്ന് ദൈവവേലയ്ക്കായി എന്ന് പറഞ്ഞ് പണം വാങ്ങി യെരുശലേമിൽ പ്രാർത്ഥനാ ഗോപുരം എന്ന പേരിൽ ലോഡ്ജ്, ഹോട്ടൽ, ടൂറിസ്റ്റ് ഹോം എന്നിങ്ങനെ ഉള്ള വിവിധ സംരംഭങ്ങൾ നടത്തുന്നു.

ഇങ്ങനെ ദൈവവേലയെ ബിസിനസ് ആയി നടത്തുന്ന സ്ഥാപനങ്ങൾക്ക് പണം അയയ്ക്കാതെ, യേശുവിനെ അറിയാത്ത ജനങ്ങളെ സുവിശേഷം അറിയിക്കുന്ന മിഷണറി പ്രവർത്തനങ്ങൾക്ക് (സ്ഥാപനങ്ങൾക്ക്) പണം അയയ്ക്കുക.

അത് നിങ്ങൾക്കും, നിങ്ങളുടെ തലമുറയ്ക്കും അനുഗ്രഹമായി വരും.

യഥാർത്ഥമായി മിഷണറി പ്രവർത്തനം ചെയ്യുന്ന ചില സ്ഥാപനങ്ങളുടെ പേരും വിലാസവും താഴെ ചേർക്കുന്നു. നിങ്ങൾ അയക്കുന്ന പണത്തിന് ഇവർ ദൈവത്തിനും, സർക്കാരിനും ശരിയായ കണക്ക് ബോധിപ്പിക്കുന്നു. ഈ പ്രവർത്തനങ്ങളെ, നിങ്ങളുടെ പ്രാർത്ഥനയിൽ താങ്ങുക: ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ

**കർത്താവിന് സ്തുതി ഉാകട്ടെ!**

FMPB Head Quarters:
**FMPB**
29,High School Road
Ambattur
Chennai-600 053,
Phone:044-26570404, Fax:044-26573353
e-mail: fmpb@vsnl.com
www.fmpb.co.in, www.fmpb.org
Online Banking:
A/C name: Friends Missionary Prayer Band
ICICI Bank A/C No.602701216912
IFS Code: ICICI0006027,
Branch: Anna Nagar, Chennai.
Write the messages:
receiptsfinance@fmpb.org

**Blessing Youth Mission**
Church Colony
Gandhi Nagar
Vellore - 632 006,
Phone:0091 416 2242943,2248943,
e-mail: hq@bymonline.org
Bank A/C Name: Blessing Youth Mission

**Vishwa Vani**
36, 3rd Street
T.M.P.Nagar, Ambattur.
Chennai - 600 053
Phone:044-26864283
e-mail: vishwa ninet@vishwavani.org
www.vishwavani.org

**Tribal Mission**
Iringole.Po
Perumbavoor, Ernakulam.Dt
Kerala -683 545,
Phone:0484-2593866
e-mail: tribalmission@hotmail.com

Bank Details:
Tribal Mission
Indian Overseas Bank, Perumbavoor
A/C No. 006901000008239
IFS Code: IOB-A-0000069,
(Or)
Dr.Muralidhar
The Catholic syrian bank, Perumbavoor.
A/C No. 0156-00706354-190001
IFS Code: CSBK 0000156.

**IEM**
38,Long Ford Road
Bangaluru-560 025,
Phone:080-22245256,
e-mail: generalsecretary@iemoutreach.org
www.iemoutreach.org
Bank A/C Name: Indian Evangelical Mission

**website: www.jamakaran.com**

# കേരളത്തിൽ 418 മദ്യപാന ബാറുകൾ അടക്കപ്പെട്ട വ്യവഹാരം

2014 ഏപ്രിൽ 1-ാം തീയതി മുതൽ കേരളത്തിൽ 418 ബാറുകൾ അടക്കപ്പെട്ടതിനാൽ ഉായ വ്യത്യാസമായ ചർച്ചകൾ രാഷ്ട്രീയത്തിലും ക്രിസ്തീയ സഭാനേതാക്കളുടെ ഇടയിലും ഉായിട്ടു ്. ഈ ചർച്ചയിൽ മറുപടി പറഞ്ഞ് സഭാനേതാക്കളുടെ ആത്മീയ നിലപാടുകൾ പൊതുജനങ്ങളും സഭാജനങ്ങളും മനസ്സിലാക്കുവാൻ ഇടയായി.



Most Rev.Chrysostom

മാർത്തോമ സഭയുടെ വലിയ മെത്രാപോലീത്താ Most Rev. സോസ്റ്റം പപ്പു അവർകളുടെ മൊഴി. ഇതു സംബന്ധിച്ച അഭിമുഖ സംഭാഷണത്തിൽ ചോദിച്ച ചോദ്യവും ബിഷപ്പു അവർകൾ കൊടുത്ത മറുപടിയും താഴെ വായിക്കാം.

**ചോദ്യം:** മദ്യവിഷയത്തിൽ രാഷ്ട്രീയം വല്ലാതെ കലങ്ങുന്ന രു ചേരിയായി മാറുന്നു. ഭരണപ്രതിഭക്ഷങ്ങൾ ഇല്ലാതെയാകുന്നു. എന്താണ് പ്രശ്നപരിഹാരത്തിനുള്ള വഴി?

**മറുപടി:** ഒരു ജനഹിത പരിശോധനയാണ് യഥാർത്ഥ പരിഹാരം. ജനാധിപത്യത്തിൽ ആർക്കാണ് അതിനോടു എതിർപ്പുള്ളത്. ജനങ്ങൾ ആഗ്രഹിക്കുന്നത് ജനങ്ങൾക്ക് നല്കാം. അതു നടന്നാൽ ഇന്നത്തെ ജനപ്രിയ നായകന്മാർ പലരും പുറത്താകും. തൊഴിലാളി സ്നേഹം പ്രസംഗിക്കുന്നവരെ ജനങ്ങൾ പുച്ഛിച്ചു തള്ളും. നാല്പതിനായിരം ബാർ തൊഴിലാളികൾ പട്ടിണിയിലായി പോലും അവർ ഒഴിച്ചു കൊടുത്തു ദരിദ്രരാക്കിയ 40 ലക്ഷം കുടുംബങ്ങളെ കാണാത്തത് എന്താണ്? അവർ തൊഴിലാളികൾ അല്ലേ. അവരുടെ കുടുംബത്തിന്റെ പട്ടിണിയും സമാധാനവും ആര് തിരിച്ചു നല്കും തൊഴിലിന്റെ പേര് പറഞ്ഞ് സാധാരണ മദ്യപിക്കാത്ത തൊഴിലാളി കുടുംബങ്ങളെ നശിപ്പിക്കുന്നു. ഇത് ശരിയല്ലെന്ന് നൂറ് പ്രാവശ്യം പറയാനും എനിക്കു മടിയില്ല.

മദ്യപാന ബാർ അടച്ചതിനെ കുറിച്ചു മാർത്തോമാ സഭയുടെ ര് വലിയ ബിഷപ്പുമാരുടെ രു വ്യത്യസ്ഥ മറുപടിയും അഭിപ്രായവും 2014 ഏപ്രിൽ 29 ചൊവ്വാഴ്ചത്തെ മലയാള മനോരമയുടെ 13-ാം പേജിൽ ജോസഫ് മാർത്തോമ്മോ (മെത്രാപോലീത്താ)യുടെ പ്രസ്താവന.



Rt.Rev.Joseph
(Rt.Rev.Irenious)

## വിമർശനം

### ദൗത്യം പഠനസംഘം

### ബാർ മാഫിയയും മാർത്തോമ്മാ മെത്രാപ്പോലീത്തായും

**2014 ഏപ്രിൽ 29 ചൊവ്വാഴ്ചത്തെ മലയാളമനോരമയുടെ 13-ാം പേജിൽ ജോസഫ് മാർത്തോമ്മായുടെ ഒരു പ്രസ്താവന വരികയു ാ യി.** അന്നേദിവസത്തെ പത്രത്തിൽ ഒന്നംപേജിൽതന്നെ ഇത്തരം ഒരു പ്രതികരണത്തിന്റെ തലക്കെട്ട് വിഷയവിവരം എന്ന നിലയിൽ നൽകിയി ട്ടു ്. **"ബാറുകൾ അടച്ചതിനു പിന്നിൽ നിഗൂഢ ഉദ്ദേശ്യമെന്ന് സംശയം-ജോസഫ് മാർത്തോമ്മാ"** എന്നാണ് തലവാചകം. ഇതേ പത്രത്തിൽ

തന്നെ കേരളത്തിലെ മതരാഷ്ട്രീയ സാംസ്കാരികരംഗങ്ങളിൽ പ്രവർത്തിക്കുന്ന ഒട്ടനവധിപേരുടെ പ്രതികരണങ്ങൾ ചേർത്തിട്ട്. ജനനായകൻ ശ്രീ. ഉമ്മൻചാിയും, ശ്രീ. രമേശ് ചെന്നിത്തലയും ബാറുടമകൾക്കു അനുകൂലമായും കേരളത്തിന്റെ മനഃസാക്ഷിയുടെ പ്രതീകമായ വി. എം. സുധീരൻ മദ്യവിഷയത്തിൽ മറുപുറത്തും നിലയുറപ്പിച്ച നിർണ്ണായകവേളയിലാണ് ജോസഫ് മാർത്തോമ്മാ ഈ സംശയം ഉന്നയിച്ചിരിക്കുന്നത്. തിരുവനന്തപുരം ആർച്ചുബിഷപ്പ് സൂസപാക്യം, ചങ്ങനാശേരി ആർച്ചുബിഷപ്പ് മാർജോസഫ് പെരുന്തോട്ടം, മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ അധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ക്രൈസ്തവ മദ്യവർജ്ജനസമിതിയുടെ ചെയർമാൻ ബിഷപ്പ് തോമസ് കെ. ഉമ്മൻ ഓർത്തഡോക്സ് സഭയുടെ പരി.കത്തോലിക്കാബാവ, ക്രിസോസ്റ്റം മാർത്തോമ്മാ വലിയമെത്രാപ്പോലീത്താ, എം.ഇ.എസ്. പ്രസിഡന്റ് ഫസൽഗഫൂർ എന്നു തുടങ്ങി ഒട്ടുമിക്കവരും വി.എം.സുധീരനെ പ്രശംസിച്ചുകൊും ആശംസിച്ചുകൊും പ്രതികരിച്ചപ്പോൾ മദ്യമാഫിയയുടെ തലവനും ബാറുടമസ്ഥനുമായ വെള്ളാപള്ളി നടേശന്റെ പ്രസ്താവനയ്ക്കിടയിൽ അതേ സ്വരത്തിൽ ജോസഫ് മാർത്തോമ്മാ പ്രതികരിച്ചിരിക്കുന്നു. ഇരുവരുടെയും പ്രതികരണങ്ങൾക്ക് സമാന സ്വഭാവം കൈവന്നതെങ്ങനെ എന്നത് ഒരന്വേഷണവിഷയമാണ്. **ഒരു നവീകരണസഭയുടെ മേലധ്യക്ഷന് മദ്യവിഷയത്തിൽ ബാർ മാഫിയയുടെ ശബ്ദവും ഭാവവും എങ്ങനെ കൈവന്നു?** ഏതെങ്കിലും യോഗത്തിൽ നടത്തിയ പ്രസംഗമോ സാന്ദർഭികമായ പ്രതികരണമോ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്കുള്ള മറുപടിയോ അല്ല മുമ്പറഞ്ഞ പ്രസ്താവന. ഏറെ കൂടിയാലോചനകൾക്കുശേഷം മലയാള മനോരമ പത്രത്തിനായി മാത്രം എത്തിച്ചുകൊടുത്തൊരു മാറ്ററാണിത്. അതുകൊുതന്നെ ഈ പത്രക്കുറിപ്പിനെ സൂക്ഷ്മതയോടെ വിശകലനം ചെയ്യാനും **ബാറുകളുടെ കാര്യത്തിൽ മെത്രപ്പോലീത്താ ആരുടെ പക്ഷത്താണെന്ന് മനസ്സിലാക്കാനും സഭാജനങ്ങൾക്കു കഴിയണം.** എന്തിലും എവിടെയും ബുദ്ധിപരമായും തന്ത്രപരമായും പ്രതികരിക്കുന്ന **ജോസഫ് മാർത്തോമ്മാ മദ്യവിഷയത്തിൽ** ധർമ്മബോധമുള്ളവരെ നിരാശപ്പെടുത്തിയിരിക്കുന്നു.

നിലവാരമില്ലാത്ത 418 ബാറുകളുടെ തുടർന്നുള്ള പ്രവർത്തനാനുമതി തടഞ്ഞുവയ്ക്കണം എന്ന ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട് പരിഗണിച്ചുകൊ് 2014 ഏപ്രിൽ 1 മുതൽ അവയുടെ പ്രവർത്തനം തടഞ്ഞിരിക്കുകയാണ്. ശുചിത്വം, സൗകര്യം എന്നിവയില്ലാത്തതും 'ടുസ്റ്റാർ' പദവിയില്ലാത്തതുമായ ബാറുകൾ തുറന്നു പ്രവർത്തിക്കരുതെന്ന് സർക്കാരിന്റെ മദ്യനയം പ്രഖ്യാപിക്കുന്നു. കഴിഞ്ഞ 21 വർഷമായി ഇത്തരം ബാറുകളുടെ നിലവാരം ഉയർത്താനുള്ള അവസരം നൽകിയിട്ടും യാതൊന്നും ചെയ്യാതെ സർക്കാരിനെയും മദ്യപരെയും പ്രസ്തുത ബാറുടമകൾ വഞ്ചിക്കുകയായിരുന്നു. ഇത്തരം ഒരു സാഹചര്യത്തിലാണ് മുമ്പറഞ്ഞ **418 ബാറുകൾ അടച്ചിടുവാൻ കെ. പി.സി.സി. പ്രസിഡന്റിന്റെ നിർബന്ധപ്രകാരം സർക്കാർ തീരുമാനമെടുത്തത്. ഈ തീരുമാനത്തിന് പിന്നിൽ നിഗൂഢ ഉദ്ദേശ്യങ്ങൾ ഉന്നൊണ് ജോസഫ് മാർത്തോമ്മാ സംശയിക്കുന്നത്. പ്രസ്തുത തീരുമാനം പിൻവലിച്ച് ബാറുകൾ ഉടൻ തുറക്കണം എന്നാണ് മാർത്തോമ്മാ ബിഷപ്പ് അവർകൾ ആവശ്യപ്പെടുന്നത്.**

മദ്യം നിരോധിക്കണമെന്ന മദ്യവിരുദ്ധസംഘടനകളുടെ ആവശ്യവും മദ്യത്തിന്റെ ലഭ്യത ഘട്ടംഘട്ടമായി കുറയ്ക്കാമെന്ന രാഷ്ട്രീയപാർട്ടികളുടെ പ്രഖ്യാപനവും നിലനിൽക്കെ അതിനുള്ള ശ്രമങ്ങൾക്കു തുരങ്കം വയ്ക്കുന്ന വർത്തമാനങ്ങൾ മനഃസാക്ഷി പണയപ്പെടുത്താത്ത ഒരാളും പറയില്ല. **ബാറുകൾ അടഞ്ഞു കിടക്കുന്നതിൽ അസ്വസ്ഥത പ്രകടിപ്പിക്കുന്ന 'കേരളത്തിലെ**

**ഏക സഭാദ്ധ്യക്ഷൻ' എന്ന പദവിയിലേക്ക് അദ്ദേഹം ഉയർത്തപ്പെട്ടു കഴിഞ്ഞിരിക്കുന്നു.** എന്തൊക്കെ വിലപ്പെട്ട മൊഴിമുത്തുകളാണ് ബിഷപ്പിന്റെ തിരുവായിൽനിന്നു ഉതിരുന്നതെന്ന് ശ്രദ്ധിച്ചാൽ മനസിലാകും.

1. വ്യാജമദ്യ-വാറ്റു മാഫിയയേയും ഇന്ത്യൻ നിർമ്മിത വിദേശമദ്യലോബിയെയും സഹായിക്കുന്നതാണ് ഈ തീരുമാനം.
2. ബാറുകൾ അടയ്ക്കുന്നതിലൂടെ ഇവരാണ് ലാഭം കൊയ്യുന്നത്.
3. നിയമാനുസൃതം ബാറുകൾ അനുവദിക്കുന്നകാര്യത്തിലും വിവേചനം കാട്ടുന്നു്.
4. വ്യാജമദ്യ ദുരന്തമുായാൽ സർക്കാരിന് കൂട്ടുത്തരവാദിത്തമുള്ളതിനാൽ എക്സൈസ് മന്ത്രിക്കു ഒഴിഞ്ഞു മാറാനാവില്ല.
5. **കോടിക്കണക്കിനു രൂപ ചെലവുചെയ്ത് ആരംഭിച്ച ഫൈവ്സ്റ്റാറിന് ത്രീസ്റ്റാർ പദവി നൽകി ബാർ നൽകാതിരിക്കുന്നത് അതിക്രമമാണ്.**
6. **മദ്യനിരോധനംകൊ് മദ്യാസക്തിയെ നശിപ്പിക്കാനാവില്ല**. അതിനു ബോധവൽക്കരണ ത്തിലൂടെയുള്ള മദ്യവർജ്ജനമാണാവശ്യം.
7. ജീവിതത്തെ മദ്യത്തിൽ മുക്കിക്കൊല്ലാതെ സമൂഹനന്മയ്ക്കായി സമർപ്പിക്കണം.

**എന്നാൽ 418 ബാറുകൾ ഏതു കാരണവശാലും അടയുന്നതിൽ കേരളത്തിലെ ക്രിസ്തീയ മതമേലധ്യക്ഷന്മാർ ആഹ്ലാദിക്കുമ്പോൾ മാർത്തോമ്മാ മെത്രാപ്പോലീത്താ അവ അടഞ്ഞതിൽ സംശയിക്കുകയും തുറന്നുകൊടുക്കാത്തതിൽ അസ്വസ്ഥനാകുകയും ചെയ്യുന്നു.** കർദ്ദിനാൾ ആലഞ്ചേരിയും, കർദ്ദിനാൾ ക്ലീമ്മീസും ഉൾപ്പെടെയുള്ളവർ മുമ്പറഞ്ഞ ആഹ്ലാദം പങ്കിടുമ്പോൾ മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കു അവ തുറന്നുകൊടുക്കാത്തതിലുള്ള അസ്വസ്ഥതയാണ് മുന്നിൽ. വ്യാജമദ്യ മാഫിയയ്ക്കും ഇന്ത്യൻ നിർമ്മിത വിദേശ മദ്യലോബിക്കും അഴിഞ്ഞാടാൻ അവസരമുാക്കുന്ന സർക്കാർ നടപടിയെ വിമർശിച്ചു ജനശ്രദ്ധയിൽ കൊുവരുന്നതിനു പകരം നിയമലംഘനത്തിന്റെ പേരിൽ കോടതി ഉത്തരവിൻപ്രകാരം അടച്ചിട്ടബാറുകൾ തുറന്നു കൊടുക്കണമെന്നാവശ്യപ്പെടുന്നത് നിയമത്തോടും കോടതിയോടുമുള്ള അനാദരവല്ലേ? വ്യാജമദ്യ മാഫിയയെ തകർക്കണമെന്നും **രാംതരവും മദ്യം കുടിപ്പിച്ച് ജനങ്ങളെ കൊല്ലരുതെന്നും സർക്കാരിന് ശക്തമായ താക്കീതു നൽകേ സഭാധ്യക്ഷൻ ബാർ ലോബികൾക്കുവേി സംസാരിക്കുന്നത് ഭൂഷണമാണോ? വിനാശകാലേ വിപരീതബുദ്ധി** എന്നല്ലാതെ എന്തു പറയാൻ? കേരള രാഷ്ട്രീയം ഈറ്റുനോവോടെ കാത്തിരുന്നൊരു പ്രവാചകൻ രംഗപ്രവേശം ചെയ്തപ്പോൾ 'അവനെ ക്രൂശിക്ക' എന്നാർത്തു വിളിക്കാൻ ബാർ മാഫിയയ്ക്കൊപ്പം **ജോസഫ് മാർത്തോമ്മായും** കൂടി എന്നത് എത്രയോ പരിതാപകരം! വ്യാജവാറ്റു മദ്യമാഫിയയും ബാർ മാഫിയയും ഒരേ ധർമ്മം തന്നെയാണ് ഇവിടെ നിർവഹിക്കുന്നതെന്ന് സുബോധം ഉള്ളവരെല്ലാം സമ്മതിക്കുമെന്നിരിക്കെ ഒന്നിനെ വിട്ടു മറ്റൊന്നിനു വേി വാദിക്കുന്നതിന്റെ യുക്തി എന്താണ്? അക്കാര്യം തുറന്നു പറയാൻ മാർത്തോമ്മാ മെത്രാപ്പോലീത്താ ബാധ്യസ്ഥനാണ്. ഒഴിഞ്ഞുമാറുന്നത് ഭൂഷണമല്ല.

ഇത്തരത്തിൽ ആരോപണം ഉന്നയിക്കുന്നതിലെ മര്യാദ (കേട്)യെപ്പറ്റി ആർക്കെങ്കിലും സംശയമുങ്കെിൽ മെത്രാപ്പോലീത്തായുടെ പത്രപ്രസ്താവനയുടെ തുടർന്നുള്ള ഭാഗം വായിക്കുക. നിയമാനുസൃതം ബാർ അനുവദിക്കുന്നതിൽ വിവേചനം കാണിക്കുന്നുവെന്നും കോടി

കൾ മുടക്കി ഫൈവ്സ്റ്റാർ പണിതാലും ത്രീ സ്റ്റാർ മാത്രമേ നൽകുന്നുള്ളൂ. (പുതിയ ത്രീ സ്റ്റാറുകൾക്ക് ബാറുകൾ നൽകുന്നതിന് മദ്യനയം അനുവദിക്കുന്നില്ല) എന്നും **മെത്രാപ്പോലീത്താ പരാതിപ്പെടുമ്പോഴാണ് ചെമ്പു തെളിയുന്നത്. ഇവിടെ ബാറുടമകളുടെ വക്താവിന്റെ കുപ്പായമാണ് അദ്ദേഹം അണിയുന്നത്.** കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ബാർതൊഴിലാളികൾ എന്ന വ്യാജേന ആട്ടിതെളിച്ചുകൊ് വന്ന് സെക്രട്ടറിയേറ്റിനു മുമ്പിൽ കൂലി പ്രകടനം നടത്തിയവരുടെ സമരം സുധീരനെപ്പോലെയുള്ള ദൈവ പുരുഷന്മാരുടെ നന്മയെ തിരുത്തുമെന്നും ധാർമ്മികതയെ തകർക്കുമെന്നും ചിന്തിക്കാൻ യാതൊരു ന്യായവുമില്ല. ഫൈവ്സ്റ്റാറുകാരൻ പണം മുടക്കിയിട്ട് ത്രീസ്റ്റാർ മാത്രമേ കിട്ടിയുള്ളൂ എന്നും ബാർ അനുവദിക്കുന്നതിൽ വിവേചനം കാട്ടിയെന്നും **ജോസഫ് മാർത്തോമ്മാ** പരാതിപ്പെടുമ്പോൾ ആർക്കുവേിയാണ് വാദിക്കുന്നത്. **പണം മുടക്കിയത് അദ്ദേഹം തന്നെയാണോ? മുടക്കുമുതൽ തിരിച്ചുപിടിക്കാൻ കഴിയാത്തതിലുള്ള നിരാശയാണോ ഈ പ്രതികരണത്തിലുള്ളത്** എന്നെല്ലാം സംശയിച്ചുപോകുന്നതിൽ തെറ്റുകാണാനാവില്ല.

മദ്യത്തിന്റെ ദുരന്തഫലങ്ങളെ ഇല്ലാതാക്കാൻ മദ്യനിരോധനമല്ല, ധാർമ്മികതയുള്ളവരുടെ ഉപദേശമാണ് ഫലപ്രദമെന്ന് **ജോസഫ് മാർത്തോമ്മാ** വാദിക്കുന്നു. ജീവിതത്തെ മദ്യത്തിൽ മുക്കിക്കൊല്ലരുതെന്ന് എല്ലാവരെയും ധാർമ്മികതയുള്ളവർ ബോധവൽക്കരിക്കണം പോലും! മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സ്ഥാനത്തിരുന്നുകൊ് എത്രപേരെ ബോധവൽക്കരിച്ചു. മുക്കിന് മുക്കിന് ബാറുകളും ഷാപ്പുകളും തുറന്നുവച്ച്, ലഭ്യത വർദ്ധിപ്പിക്കുകയും മദ്യാസക്തനെ ഉപദേശം കൊ് രക്ഷിക്കാമെന്ന് വീഴ്വാക്ക് പ്രസംഗിക്കുകയും ചെയ്യുന്ന മദ്യത്തിന്റെ ദല്ലാളന്മാർ ഭരിച്ചുമുടിച്ചൊരു നാടാണിത്. ഇടത് വലത് നടുവൻ മുന്നണികൾ ഇക്കാര്യത്തിൽ എടുത്ത ബുദ്ധിശൂന്യമായ അഴകൊമ്പൻ നിലപാടുകൾ നമ്മുടെ നാട്ടിലെ കുടിയന്റെ കുറഞ്ഞപ്രായം 12 വയസിലേക്ക് താഴ്ത്തിയിരിക്കുന്നു. **വെള്ളാപള്ളിയുടെ ഒത്താശക്കാരനായാണ് മെത്രാപ്പോലീത്തായുടെ പുതിയ അവതാരം.**

മദ്യാസക്തരെ ബോധവൽക്കരിക്കുക എന്നാൽ എന്താണ് അർത്ഥമാക്കുന്നത്? ബോധം നഷ്ടപ്പെട്ടവരെ ബോധവൽക്കരിക്കുന്നതെങ്ങനെ? നേരായി ചിന്തിക്കാൻ പ്രാപ്തമായ ഒരു മനോനില എപ്പോഴെങ്കിലും മദ്യാസക്തനുാേ? ചേമ്പിലയിൽ വീണ വെള്ളം പോലെ എല്ലാ ഉപദേശങ്ങളും അവരെ സ്പർശിക്കാതെ പോകും. സ്വയം നിയന്ത്രിക്കാൻ കഴിയുന്ന മനോവ്യാപരമുള്ള ചെറിയൊരു വിഭാഗത്തെ ഉപദേശംകൊു നന്നാക്കാം. ലഹരിക്ക് അടിപ്പെട്ട ഭൂരിപക്ഷം കുടിയന്മാർ ഈ വല യിൽ വീഴില്ല. അതുകൊാണ് മദ്യത്തിന്റെ ലഭ്യത കുറച്ചു കൊു ഗാന്ധിജിയുടെ ഭാഷയിൽ "വേശ്യാലയങ്ങൾ തുറന്നുവയ്ക്കാൻ അനുവാദം നൽകിയിട്ട് അതിൽ കയററുതെന്ന് വിലക്കുന്നതു" പോലെയാണ് നാടാകെ ലഹരി കേന്ദ്രങ്ങൾ ആരംഭിച്ചിട്ട് അതിൽ കയററുതെന്ന് ജനങ്ങളെ ഉപദേശിക്കുന്നത്. ലൈംഗികാവശ്യങ്ങൾ കൂടി കണക്കിലെടുത്ത് അനാശാസ്യ കേന്ദ്രങ്ങൾ ആരംഭിച്ചാൽ അതും ഒരു വരുമാനമാകും.

**മദ്യാസക്തിയുള്ളവരെ സഭയിലും രാഷ്ട്രീയത്തിലും നേതൃത്വ പദവിയിൽ പ്രവേശിപ്പിക്കരുതെന്ന നിർദ്ദേശം ജോസഫ് മാർത്തോമ്മോ തന്നെ കഴിഞ്ഞ രു മണ്ഡലയോഗങ്ങളിലായി തള്ളിക്കളയുകയുായി.** കോട്ടയം എറികാട് ഇടവകയിലെ മണ്ഡലാംഗമായ അലക്സ് പി.ജോർജ് മുതൽ പേർ 2012, 2013 വർഷങ്ങളിൽ **സഭാമണ്ഡലത്തിൽ** കൊുവന്ന സർവ്വസമ്മതിയുള്ള പ്രമേയത്തിന്റെ ഉള്ളടക്കം ഇതു തന്നെയായിരുന്നു. ഇടവകയുടെയോ സംഘടനകളു

ടേയോ ചുമതലാസ്ഥാനങ്ങളിലേക്കു പ്രവേശിക്കുന്നവർ **'ഞാൻ മദ്യം ഉപയോഗിക്കില്ല'** എന്നൊരു സത്യവാങ് മൂലം എഴുതി വയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതായിരുന്നു പ്രസ്തുത പ്രമേയങ്ങൾ. ഭൂരിപക്ഷമണ്ഡലാംഗങ്ങൾ നെഞ്ചേറ്റിയ പ്രസ്തുത പ്രമേയം പാസാക്കിയതായി രേഖപ്പെടുത്താതെ മറുവഴിയിലൂടെ അതിനെ അട്ടിമറിച്ച ജോസഫ് മാർത്തോമ്മാ അതേ നാണയവുമായി രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ഇത്തരക്കാരെ നോക്കിയാണ്. യേശു പറഞ്ഞത്, (വിശേഷണങ്ങൾ ഉദ്ധരിക്കുന്നില്ല.) "അവർ നിങ്ങളോടു പറയുന്നതൊക്കെയും പ്രമാണിച്ചു ചെയ്വിൻ. "അവർ നിങ്ങളോടു പറയുന്നതൊക്കെയും പ്രമാണിച്ചു ചെയ്വിൻ. അവരുടെ പ്രവൃത്തിപോലെ ചെയ്യരുതു താനും. എന്തുകൊന്നൊൽ അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ. (മത്തായി 23:3) (CSI Central Kerala Dioces)ൽ **സി.എസ്.ഐ മദ്ധ്യകേരള മഹാഇടവകയിൽ മുമ്പറഞ്ഞ സത്യവാങ്മൂലം എഴുതിവെച്ചാൽ മാത്രമേ സഭയുടെ ചുമതലാ സ്ഥാനത്തു പ്രവേശിക്കുകയുള്ളൂ**. അവിടെ ബിഷപ്പിന്റെ താല്പര്യത്തിലൂടെ അതൊരു നിയമമായും നിർബന്ധമായും മാറിയപ്പോൾ **മാർത്തോമ്മാ സഭയിൽ** ജനതാല്പര്യം അട്ടിമറിച്ചു കൊ് **ജോസഫ് മാർത്തോമ്മായുടെ** താല്പര്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

മദ്യദുരന്തമുായാൽ അതിന്റെ ഉത്തരവാദിത്തം തനിക്കായിരിക്കില്ല എന്ന പ്രസ്താവന എക്സൈസ് മന്ത്രിയുടെ ഈ നൂറ്റാിലെ ഏറ്റവും വലിയ ഫലിതമാണ്. പൂട്ടിക്കിടക്കുന്ന 418 ബാറുകൾ തുറക്കുന്നതിനുള്ള അടുത്ത നല്ലവഴി മദ്യദുരന്തമാണെന്ന് ബാർമാഫിയായെ പരോക്ഷമായി അറിയിക്കുകയാണദ്ദേഹം. **സരിത–സോളാർ ദുരന്തത്തിലും തെരഞ്ഞെടുപ്പിലും ഒഴുകിയ കോടികൾ മദ്യത്തിന്റെ വഴിയിലൂടെ എത്തിയവയാണ് അതിന്റെ ഉപകാരസ്മരണയുടെ വേളയാണിത്. എക്സൈസ് വകുപ്പിലിരുന്നു കൊ് മദ്യദുരന്തത്തിൽ ഉത്തരവാദിത്തം ഇല്ലെന്നു പറയുന്ന മന്ത്രിയെപ്പറ്റി ലജ്ജിക്കുകയല്ലാതെ മറ്റെന്തു പറയാൻ**. **ജോസഫ് മാർത്തോമ്മാ** പറയുന്ന കൂട്ടുത്തരവാദിത്തമല്ല, മുഴു ഉത്തരവാദിത്തം വകുപ്പു മന്ത്രിയുടേതാണ്. സമുദായ നേതാവിനോടാണ് തന്റെ കൂറ് എന്നു പ്രഖ്യാപിക്കുന്ന ഇത്തരം അല്പന്മാർ രാഷ്ട്രീയത്തിലെ ഇത്തിൾകണ്ണികളും ജാതീയതയുടെ വിനീത വിധേയന്മാരുമാണ്.

**കുറിപ്പ്**: മാർത്തോമ്മാ സഭയിൽ മദ്യപാന വ്യവഹാരങ്ങളിൽ സപ്പോർട്ടു ചെയ്തു അഭിപ്രായം പറഞ്ഞ മാർത്തോമ്മാ സഭയുടെ വലിയ തിരുമേനിമാരിൽ ഒരാളായ ജോസഫ് മെത്രോപോലീത്താ അവർകളെ കുറിച്ച് ലൈംഗിക ആരോപണങ്ങൾ പലവർഷങ്ങളായി സഭക്കാർ തന്നെ അന്നത്തെ കാലത്തിൽ വലിയ തിരുമേനിയായിരുന്ന അലക്സാർ മെത്രാപോലീത്ത അവർകളോടു ധാരാളം പരാതികൾ മർത്തോമ്മാ സഭക്കാർ എഴുതി അറിയിച്ചിട്ടുള്ളതായും മാർത്തോമ്മാ വായനക്കാർ നേരത്തേ അറിഞ്ഞിരിക്കും. ചില വർഷങ്ങൾക്കു മുൻപു ഇദ്ദേഹത്തെക്കുറിച്ച് ലൈംഗികപരമായ കുറ്റാരോപണങ്ങൾ ചില പത്രങ്ങളിലും മണ്ഡലത്തിലും വലിയ ചർച്ചാവിഷയമായി. പല വർഷങ്ങളായി പല ആരോപണങ്ങളിലും അകപ്പെട്ട
ഇദ്ദേഹത്തിന് ശിക്ഷ അല്ല ലഭിച്ചത്. ശിക്ഷയ്ക്കു പകരം പദവി പ്രമോഷൻ ആണ് ലഭിച്ചത് അങ്ങനെ ഉള്ള തിരുമേനി മദ്യപാന നിരോധനത്തെ കുറിച്ച് ഇങ്ങനെയുള്ള അഭിപ്രായം പറഞ്ഞതിൽ ആശ്ചര്യം ഇല്ല. അതുകൊ് മാർത്തോമ്മാ സഭക്കാർ മാത്രം അല്ല, സി.എസ്.ഐ, ലൂഥറൻ, യാക്കോബാ, കത്തോലിക്കാ സഭയുടെ നേതാക്കൾക്ക് വേിയും, അച്ചന്മാർക്ക് വേിയും, പെന്ത

കോസ്തു സഭ പാസ്റ്റർമാർക്കു വേിയും വിശ്വാസികൾ മുട്ടിപ്പായി പ്രാർത്ഥിക്കണം. ദൈവം നമ്മുടെ സഭകളിലുള്ള കുടിയന്മാരായിട്ടുള്ള ഭാരവാഹികൾക്കു വേിയും അച്ചന്മാർക്കു വേിയും നേതാക്കന്മാർക്കു വേിയും തുടർന്നു പ്രാർത്ഥിക്കേത് വളരെ അത്യാവശ്യമാണ്.

## കോടികളുടെ ആഡംബര കാറുകൾ

**മെത്രാപ്പോലീത്താ**, സഫ്രഗൻ മെത്രോപ്പോലീത്താ, **മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ** എന്നിവർ അടുത്തകാലത്ത് 3 **ആഡംബരകാറുകൾ** വാങ്ങി. **60 ലക്ഷത്തോളമാണ് ഓരോ കാറിന്റെയും വില**. ലാളിത്യം, ദാരിദ്ര്യം എന്നിവ വ്രതമായി സ്വീകരിച്ച് **സത്യപ്രതിജ്ഞ** എടുത്തിട്ടുള്ള ഈ മെത്രാച്ചന്മാർ എന്തു സന്ദേശമാണ് ലോകത്തിൽ നൽകുന്നത്. **യേശു ജനിച്ചത് കീറ്റുശീലയിൽ അല്ലെന്നും പട്ടുവസ്ത്രത്തിലാണെന്നും പ്രസംഗിക്കുന്ന ഇവർ ദരിദ്രലോകത്തിൽ സമ്പന്നരായിക്കുന്നത് പാപം** (Sin of Being Rich in a Poor World)എന്നാണ് എക്യുമെനിക്കൽ വേദികളിൽ തട്ടിവിടുന്നത്. (മാർത്തോമ്മാ മാസികയായ) **സഭാതാരകയിൽ** സ്പന്ദനങ്ങൾ വിടുന്ന **സഫ്രഗൻ മെത്രാപ്പോലീത്താ** ഇനി എങ്കിലും ഈ തൂലികാ വ്യായാമം നിർത്തണം. **ഈ കാറുകൾ വാങ്ങാനുള്ള പണം എവിടെനിന്ന്? ആര് നൽകി?** അന്ത്യന്യായവിധിയിൽ എന്റെ ഈ ചെറിയ സഹോദരങ്ങളിൽ ഒരുവന് നിങ്ങൾ ചെയ്തത് എനിക്കു ചെയ്തു എന്ന തത്വം **ഈ മെത്രാച്ചന്മാർ** വിശ്വസിക്കുന്നില്ലെന്നു സ്പഷടം.

# ജാമക്കാരൻ

ജാമക്കാരൻ മാസിക ആവശ്യമുള്ളവർ നിങ്ങളുടെ പൂർണ്ണമായ മേൽവിലാസം (ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ) ഫോൺ നമ്പരും കത്തുമുഖാന്തിരമോ, ഇ–മെയിൽ മുഖാന്തിരമോ അറിയിക്കാം. 1969 മുതൽ **വരിസംഖ്യ** സൂചിപ്പിക്കാതെയും **വരിസംഖ്യ** അയയ്ക്കണം എന്നു ആവശ്യപ്പെടാതെയും വിജയകരമായി നടത്തിക്കൊിരിക്കുന്നതാണു ജാമക്കാരൻ മറ്റു മാസികകളിൽ നിന്നുള്ള വ്യത്യാസം. എന്നാൽ തപാൽവകുപ്പിന്റെ നിർബന്ധത്തിനു വഴങ്ങി മാസികയ്ക്കു വരിസംഖ്യ നിർബന്ധമായും കാണിച്ചിരിക്കണം എന്നതിനാലാണു കവർ നാലാം പേജിൽ വരിസംഖ്യ കാണിച്ചിരിക്കുന്നത്. ഈ മാസികയ്ക്കു വരിസംഖ്യ ഇല്ല.

ഓരോ മാസവും 15–ാം തീയതി (ഒരു മാസം തമിഴ് അടുത്ത മാസം മലയാളം) എന്ന രീതിയിൽ ജാമക്കാരൻ മാസിക തപാലാഫീസിൽ ഞങ്ങൾ എത്തിക്കുന്നു. 25–ാം തീയതിക്കുമുമ്പായി ജാമക്കാരൻ മാസിക നിങ്ങൾക്കു ലഭിച്ചില്ലെങ്കിൽ തപാൽ വഴിയായോ അല്ലെങ്കിൽ ഫോൺ വഴിയായോ നിങ്ങളുടെ പൂർണ്ണമേൽവിലാസവും പേരിനു മുകളിലായി കൊടുത്തിട്ടുള്ള നമ്പരും ചേർത്തു അറിയിച്ചാൽ ജാമക്കാരൻ മാസിക അയച്ചു തരുന്നതാണ്.

## Speed Post

ചില പ്രത്യേക സ്ഥലങ്ങളിൽ ജാമക്കാരൻ മാസിക വീടുകളിൽ എത്തിക്കാതെ തടുക്കുന്നു. അങ്ങനെയുള്ളവർക്കു ജാമക്കാരൻ സ്പീഡ് പോസ്റ്റിൽ അയച്ചുകൊടുക്കുന്നതാണ്. നിങ്ങളിൽ ആർക്കെങ്കിലും ജാമക്കാരൻ മാസിക എത്തിച്ചേരുന്നതിനു തുടർന്നു തടസ്സം ഉങ്കെിൽ അറിയിച്ചാൽ അങ്ങനെയുള്ളവർക്കു സ്പീഡ് പോസ്റ്റിൽ ജാമക്കാരൻ അയച്ചു തരുന്നതാണ്.

# ജാമക്കാരൻ വായനക്കാർ തെരഞ്ഞെടുത്തു അയച്ചുതന്ന വാർത്ത

## ദൈവമഹത്വം തന്ത്രപരമായി തട്ടിയെടുക്കുന്ന വികാര ക്രൂസേഡുകാരെ അടിയന്തിരമായി ചങ്ങലയ്ക്കിടണം

പെന്തക്കോസ്തുനാളിൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്നപ്പോൾ കൊടിയ കാറ്റടിക്കുന്നതു പോലെ മുഴക്കമുായി. ഇന്നും പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ മുഴക്കമോ ശബ്ദമോ ഉാകാം. അതും സമ്മതിക്കുന്നു. **പക്ഷേ ഇന്നത്തെ അൾട്രാ ഉണർവ്വുകാർ ഇപ്പറഞ്ഞതിന്റെ പാരഡികൾ എഴുന്നെള്ളിച്ചു നടന്ന് ദൈവനാമത്തെ ജാതികളുടെ നടുവിൽ അപമാനിക്കുക യാണ്. പരിശുദ്ധാത്മാവ് ഇന്ന് പലയിടത്തും പ്രവർത്തിക്കുന്നില്ല. പരിശുദ്ധാത്മാവ് വരരുതേ എന്നാണ് ഈ ക്രൂസേഡുകാരുടെ ഉള്ളിലെ പ്രാർത്ഥന എന്നു വേണം ഊഹിക്കാൻ.** കാരണം പരിശുദ്ധാത്മാവ് ഇറങ്ങിവന്നാൽ തങ്ങളുടെ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധി യെക്കുറിച്ചും ബോധം വരുമല്ലോ. ദൈവത്തിനു കിട്ടേ മഹത്വം തന്ത്രപൂർവ്വം തങ്ങൾക്കായി തട്ടിയെടുക്കു ന്നത് **ഒന്നാമത്തെ പാപം.** മറ്റുള്ളവർ പട്ടിണി കിടക്കുമ്പോൾ, സുവിശേഷവേലയി ലൂടെ ലഭിച്ച പണംകൊ് ആഡംബരജീവിതം നയിക്കുന്നത്, അതായത് യഥാർത്ഥ നീതി അവർ കാട്ടുന്നില്ല എന്ന **രാം വിഭാഗത്തിൽപ്പെട്ട പാപം.** ഇതു രും നിമിത്തം ന്യായവിധി തങ്ങൾക്കു വരാൻ പോകുന്നു എന്ന ബോധ്യം ശരിക്കും പരിശുദ്ധാത്മാവ് വന്നാൽ പിന്നെ ക്രൂസേഡുകാരന്, തന്റെ ജീവിതത്തിൽ, യേശുവിന് ഇഷ്ടമില്ലാത്തതായി പിടിച്ചുകയറ്റി വച്ചിരിക്കുന്ന തിന്മകളെ ച്ചൊല്ലി കരയാനേ കഴിയൂ പ്രസംഗിക്കാൻ പോലും കഴിയണമെന്നില്ല. അതിനാൽ തങ്ങളുടെ യോഗ ങ്ങളിൽ **പരിശുദ്ധാത്മാവ് വരണമെന്ന് അവർ ആഗ്രഹിക്കുന്നില്ല.** പക്ഷേ **ജനത്തെ കളിപ്പിക്ക ണമെങ്കിൽ** വരാത്ത **പരിശുദ്ധാത്മാവ് വന്നു എന്ന് നടിക്കണം.** അതെങ്ങനെ സാധിക്കും? **ഹൈവോൾട്ടേജിൽ പ്രവർത്തിക്കുന്ന ഒരു മൈക്കും, ഒരു പൊട്ടക്കീബോർഡും, മനുഷ്യന്റെ നെഞ്ചുതകർക്കുന്ന റിഥം ബോക്സും** ഉങ്കെിൽ പരിശുദ്ധാത്മാവിന്റെ ഡ്യൂപ്ലിക്കേറ്റ് ഇവർ നിമിഷം കൊ് ഉാക്കിയെടുക്കും. മൈക്കും കൊ് സ്റ്റേജിൽ ഓടി നടന്ന്, ജനത്തിന്റെ ഇടയി ലേയ്ക്ക് എടുത്തുചാടി ജനത്തെക്കൊ് **സ്തുതിപ്പിച്ച്** മൈക്കിലൂടെ കാറിക്കൂവി ഉണർവ്വുാ ക്കുന്ന വികാരജീവികൾ. ഇതാണ് പരിശുദ്ധാത്മാവ് എന്ന് ലോകത്തോടു പറഞ്ഞ് **പരിശുദ്ധാത്മാ വിനെ അവഹേളിക്കുന്നവർക്ക്** ഒന്നുകിൽ **മൂത്തവട്ടാണ്** അല്ലെങ്കിൽ ഇവർ **പിശാ ചിന്റെ അജ നടപ്പാക്കാൻ അച്ചാരം വാങ്ങിയവരാണ്.**

## പബ്ലിസിറ്റി മുതൽ തുടങ്ങുന്ന ഇവരുടെ തന്ത്രങ്ങൾ

അത്ഭുതം പ്രവർത്തിക്കുന്ന യേശുവിനെയല്ല തങ്ങളെത്തന്നെ ഉയർത്തുന്നതാണ് എതിർക്രിസ്തുവിന്റെ ആത്മാവുള്ള ഈ കൃത്രിമ ഉണർവ്വുകളുടെ ഒന്നാം ലക്ഷണം. അത് അവ രുടെ നോട്ടീസിലും പോസ്റ്ററുകളിലും ഒക്കെ കാണാം. ജാഡ കാണിക്കുന്ന രാഷ്ട്രീയക്കാരെ തോൽപ്പിക്കുന്ന കട്ടൗട്ടുകൾ റോഡു നീളെ ഉയർത്തുന്നു. തങ്ങളുടെ വീരേതിഹാസങ്ങൾ ജനത്തെ അറിയിക്കാനുള്ള മുൻ സംഭവ വിവരണങ്ങൾ നോട്ടീസിലും സപ്ലിമെന്റിലും ബ്രദർ സാജു പറ

ഞ്ഞത് ഓർക്കുന്നു. ബഹറിനിലോ മറ്റോ ഒരു ക്രൂസേഡുകാരനു വേി സംഘാടകർ ക്രമീകരണങ്ങൾ നടത്തുകയായിരുന്നു. അതിന് നോട്ടീസിൽ വയ്ക്കേ വാചകം അയാൾ തന്നെ അയച്ചുകൊടുത്തു. 'അനേകരെ സൗഖ്യമാക്കിയ ആൾ, അത്ഭുതം നടത്തിയ ആൾ, മരിച്ചവരെ ഉയർപ്പിച്ച ആൾ...' എന്നിങ്ങനെ പോകുന്നു വാചകങ്ങൾ. സംഘാടകർ ആലോചിച്ചിട്ട് 'മരിച്ചവരെ ഉയർപ്പിച്ച ആൾ' എന്നത് ഒഴിവാക്കി. ഇത് ക്രൂസേഡുകാരന് രസിച്ചില്ല. അയാൾ അതുംകൂടെ ചേർത്ത് യോഗത്തിനുമുമ്പ് വേറെ നോട്ടീസടിപ്പിച്ചു എന്നാണ് കേട്ടത്. എത്ര ഉറച്ചു നിന്നാലും ഒരു ശ്വാസം മാത്രമാകുന്ന **മനുഷ്യ കൃമിയുടെ അഹങ്കാരം** ഇതിൽ നിന്നും മനസ്സിലാക്കാം.

# പാട്ടുകാരുടെ പീഡനം

**ആധുനിക സംഗീത ഉപകരണങ്ങൾ ഇരപ്പിച്ച് മൈക്കിലൂടെ ജനത്തിന്റെ നെഞ്ചിലിടിച്ചു പീഡിപ്പിച്ചു നിർവൃതി കൊള്ളുന്ന പാട്ടുകാരുടെ എണ്ണം കൂടിക്കൊിരിക്കുന്നു.** കൺവെൻഷന് ഗാനശുശ്രൂഷ ഒരത്യാവശ്യമല്ലെങ്കിലും നിഷിദ്ധമല്ല. ഒരു നിയന്ത്രണവുമില്ലാതെ അലറുന്ന മൈക്കിലൂടെ ആരെയോ തോൽപ്പിക്കാനും എല്ലാം കൂടെ പിടിച്ചടക്കാനും എന്ന മട്ടിലുള്ള അഭ്യാസങ്ങൾ അനാവശ്യമാണ്. **ശബ്ദശല്യം നിമിത്തം പൊതുജനം മുഴുവൻ സുവിശേഷയോഗങ്ങളെ വെറുത്തു.**

പരാതിപ്രകാരം അന്വേഷണം നടത്തിയ പോലീസിനോട് നാട്ടുകാർ ഒന്നടങ്കം പറയുന്നു ഇവർ ശല്യക്കാരാണ്. ഗാനശുശ്രൂഷയിൽ രു പാട്ടുകളുടെ ഇടയ്ക്ക് ഒരു സമയത്ത് തുടർന്നുവരുന്ന പാട്ടിനെപ്പറ്റി ആഡിയൻസിനോട് വിശദീകരിക്കുന്ന ടീം മാനേജരു്. ചില മാനേജർമാർ അറുബോറന്മാരാണ്. എൽ.പി സ്കൂളിലെ കുട്ടികളെ അദ്ധ്യാപകർ അച്ചടക്കം പഠിപ്പിക്കുന്നതുപോലെയാണിവർ വന്നിരിക്കുന്ന കേൾവിക്കാരോട് ഇടപെടുന്നത്. മൈക്ക് കയ്യിലെടുത്താലുടൻ അവർ വിളിച്ചുപറയുന്നു **'സന്തോഷമുള്ളവരെല്ലാം കൈകളുയർത്തി ദൈവത്തെ സ്തുതിച്ചാട്ടെ'** എല്ലാവരും കയ്യുയർത്തി ഹല്ലേലുയ്യ പറയണമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്. എങ്ങനെയുള്ള സന്തോഷമാണെന്നറിയില്ല. തൊട്ടുമുമ്പു പാടിയ പാട്ടുകേട്ടു സന്തോഷിച്ചവർ എന്നാണ് ടീ മാനേജർ ഉദ്ദേശിക്കുന്നത്. അതിനിത്ര സന്തോഷിക്കാനും മാത്രം ഒന്നും ആ പാട്ടിലില്ലായിരുന്നല്ലോ. ഇത്തരക്കാർ പാടുന്ന മിക്ക പാട്ടുകളും യേശുവിൻ നാമം ഉയർത്തുക എന്നതിനെക്കാൾ തങ്ങളുടെ കഴിവുകൾ ജനമദ്ധ്യത്തിൽ വിളമ്പുക എന്ന ഉദ്ദേശ്യത്തിൽ പാടുന്നവയാണ്.

ഇത് കേട്ട് സാമാന്യജനത്തിനു സന്തോഷമല്ല ഒരു തരം അറപ്പാണു തോന്നുക. മാരാമൺ കൺവെൻഷൻ പോലെ **മാതൃകാപരമായ ഗാനശുശ്രൂഷ** നടത്തപ്പെടുന്ന യോഗങ്ങൾ ഈ **ഡൈനാമറ്റ് ഗായകർ ഒന്നുപോയി കങ്കെിൽ** – സന്തോഷമുള്ളവർ സ്തുതിച്ചാട്ടെ എന്ന മാനേജരുടെ ആജ്ഞ. അതിനോട് പ്രതികരിക്കുമ്പോൾ ഒരൽപം ശബ്ദം കുറഞ്ഞുപോയെങ്കിൽ ശകാരവർഷം മൈക്കിലൂടെ ആരംഭിക്കുകയാണ്. ശബ്ദം സുന്ദരമാണ്.

അതേ സമയം ഒച്ച അരോചകമാണ്, അസുഖദായകമാണ്. നട്ട് ഇളകിയ ഏതോ പാശ്ചാത്യ റോക്ക് മ്യൂസിക്കുകാരെ മാതൃകയാക്കിയാണ് ക്രൂസേഡു ഗായകർ ആത്മാവിനെ സ്റ്റേജിലിറക്കുക. ഇതിന്റെയൊന്നും ആവശ്യം ഇവിടെയില്ല. **അരോചകമായ ഒച്ച ഉപയോഗിച്ച് ഉപജീവനം കഴിക്കുന്ന ഗായകസംഘങ്ങളെ നിയന്ത്രിക്കണം.** ഇവർ തങ്ങളുടെ ഒറ്റ പ്രോഗ്രാം കൊ് ജനങ്ങ

ളുടെ മനസ്സിലേയ്ക്കുള്ള സുവിശേഷത്തിന്റെ വാതിലടച്ചു ഭദ്രമാക്കിയ ദ്രോഹികളാണ്. നാട്ടുകാരിറങ്ങി തല്ലുന്നതിനുമുമ്പ് വെളിവുള്ള ദൈവമക്കൾ ഇവരെ കാര്യം പറഞ്ഞു ബോധ്യപ്പെടുത്തണം.

# ദൈവം ഇവിടെ ചിലരെ തൊടാൻ പോകുന്നു

വികാര ക്രൂസേഡുകാരുടെ നമ്പറുകളിൽ ഒന്നാമത്തേത് ഇതാണ്. സ്റ്റേജിൽ ചാടിക്കയറി മൈക്കു തട്ടിപ്പറിച്ച് മുമ്പിലെ മുനമ്പു വരെ വന്ന് ഒരലർച്ച – 'ദൈവം ചിലരെ തൊടാൻ പോകുന്നു'. ഇത് ഇവരെങ്ങനെ അറിഞ്ഞു? ദൈവം പറയാതെ അവർ അറിയില്ലല്ലോ. ദൈവം പറഞ്ഞതാണെങ്കിൽ അതങ്ങനെ തന്നെ സംഭവിക്കും. പറഞ്ഞത് അങ്ങനെ സംഭവിച്ചില്ലെങ്കിൽ ദൈവം പറയാത്തത് അവർ പറഞ്ഞു എന്നാണർത്ഥം. ഇതിനെയാണ് **നുണ** എന്നു പറയുന്നത്. അങ്ങനെ നുണ പറഞ്ഞുകൊണ്ട് ശുശ്രൂഷ ആരംഭിക്കുന്നത്. ദൈവം രോഗിയെ തൊട്ടാൽ ഇങ്ങനെയാണോ സംഭവിക്കുക? ഒരു മൂക്കിൽപ്പനിയെങ്കിലും മാറിയെന്ന് വളരെ കഷ്ടപ്പെട്ടാണ് അവർ ചിലരെക്കൊണ്ടു പറയിപ്പിക്കുന്നത്. എന്നിട്ട് അതിന്റെ മഹത്വം എടുക്കുക. ഇത് ദൈവത്തെ അപമാനിക്കലാണ്.

# ആരെയും ഇക്കിളിപ്പെടുത്തുന്ന വാഗ്ദത്ത വചനങ്ങൾ

നുണ പറഞ്ഞു ജനങ്ങളെ കൊതിപ്പിച്ചിരുത്തിയനന്തരം തന്റെ വചനം അനുസരിക്കുന്നവർക്കായി ദൈവം വച്ചിരിക്കുന്ന വാഗ്ദത്തങ്ങൾ വചനത്തിലുള്ളത് ഒന്നൊന്നായി മനോഹരമായി അവതരിപ്പിക്കുകയായി. അത് മിക്കപ്പോഴും പഴയനിയമത്തിലുള്ള ആത്മീയ വാഗ്ദത്തങ്ങൾ മാത്രമായിരിക്കും. കേൾവിക്കാർക്കെല്ലാം, തങ്ങളുടെ യോഗത്തിനു സംബന്ധിക്കുന്നവർക്കെല്ലാം ഇത് ദൈവം കൊടുക്കാൻ പോകുന്നു എന്ന മട്ടിലാണ് അവതരണം. അങ്ങനെ തന്നെ ഒരാഴ്ച ഏതു തോന്ന്യവാസവും ചെയ്തേച്ചു വന്നവൻ മൈക്കിലെ **ശബ്ദത്തിനൊത്തു തുള്ളിയാൽ അവർ ആരാധിക്കുകയായിരുന്നു** എന്ന് പ്രസംഗകൻ വിധി പറയുന്നത് ആ അർത്ഥത്തിലാണ്. തങ്ങളുടെ യോഗത്തിന് ആളു കൂടണം, അതൊരു ക്രെഡിറ്റ്. പിന്നെ ആളു കൂടുമ്പം സ്തോത്രക്കാഴ്ച പാത്രവും നിറയും. ഇതു പ്രധാന ലക്ഷ്യം. ഇതിനായി സത്യം മറച്ചു വയ്ക്കുന്നു. നരകത്തിലേയ്ക്ക് ഒഴുകുന്നവരോടും ആ സത്യം പറഞ്ഞുകൊടുക്കാതെ അവരുടെ പണം പ്രതീക്ഷിച്ച് സാരമില്ല നാം സ്വർഗ്ഗത്തിലേയ്ക്കാണ് പോകുന്നതെന്ന് നുണ പറഞ്ഞ് അവരെ വഞ്ചിക്കുക. ഈ ദ്രോഹമാണവർ ചെയ്യുന്നത്.

അല്ലെങ്കിൽ എത്ര കയ്പ്പുള്ളതായാലും സത്യം തുറന്നു പറഞ്ഞ് ആ പാവങ്ങളെ രക്ഷയിലേയ്ക്കു നടത്തുകയല്ലെ വേണ്ടത്? ദൈവം അനുഗ്രഹം വാഗ്ദത്തം ചെയ്തിട്ടുണ്ട്. ഭൗതീകവും ആത്മീകവുമായ അനുഗ്രഹങ്ങൾ, ഇതിൽ ഭൗതീകം താൽക്കാലികവും ആത്മീക അനുഗ്രഹങ്ങൾ നിലനിൽക്കുന്നതുമാണ്. ഈ ആത്മീയ അനുഗ്രഹങ്ങളെ വേണം ഒരു പ്രസംഗകൻ ഉയർത്തിപ്പിടിക്കാൻ. അടുത്തത്, കാണുന്നവർക്കെല്ലാം ദൈവം അനുഗ്രഹം വാരിക്കോരി കൊടുക്കില്ല. അതിനു വ്യവസ്ഥകളുണ്ട്. ഈ വ്യവസ്ഥകൾ ജനത്തോട് പറയാത്തവൻ അവരെ വഞ്ചിക്കുകയാണ്. കിട്ടും കിട്ടും എന്നു കൊതിപ്പിച്ചു കൊതിരിക്കും. വ്യവസ്ഥ പാലിക്കാത്തവരെ ദൈവം തിരിഞ്ഞുനോക്കുക പോലുമില്ല. ഒടുക്കം അവർ നരകം എന്ന വേതാളനരകത്തിൽ ഒടുങ്ങും. അവരുടെ രക്തം ഈ പ്രസംഗകരുടെ തലയിൽ വരും.

## ദൈവമഹത്വം മോഷ്ടിച്ചെടുക്കുന്നവർ

യോഗാവസാനത്തിൽ വികാരപ്രസംഗകരുടെ കലാശക്കൊട്ടു നമ്പർ അവർ ഇറക്കും. അതാണ് രോഗശാന്തി. രോഗമുള്ളവരെ മുമ്പോട്ടു വിളിക്കും.

തല തൊട്ടു പ്രാർത്ഥിക്കും. പ്രാർത്ഥന കഴിഞ്ഞാലുടനെ ചോദ്യമായി ഇപ്പോഴെങ്ങനെ? ആളുകളെല്ലാം നോക്കിയിരിക്കുമ്പോൾ ഒരു നെഗറ്റീവ് മറുപടി പറയുന്നതെങ്ങനെ? പ്രാർത്ഥിച്ച ആളിനും വിഷമമാകുമെന്നു കരുതി അവർ മൈക്കിലൂടെ ഒരു നുണ പറയുന്നു. 'സുഖമായി'.

ഇത്രയും കേട്ടാൽ മതി പ്രസംഗകന്. കർത്താവ് ആ ആളിനെ സൗഖ്യമാക്കിയതിനായി സ്തോത്രം ചെയ്യാം. ജനമെല്ലാം അങ്ങനെ ചെയ്യുന്നു.

ഇതിൽ മഹത്വമാർക്കാണ്? പ്രാർത്ഥിച്ചു സുഖം വരുത്തിയ ആളിന് അഥവാ സുഖം കിട്ടിയാൽ അത് മൈക്കിലൂടെ പറയിപ്പിക്കുന്നതെന്തിനാണ്? **യേശു എന്നെങ്കിലും അങ്ങനെ ചെയ്തിട്ടുണ്ടോ? ഒരിക്കലുമില്ല.** സൗഖ്യമായവരോട് ഇത് ആരോടും പറയരുത് എന്നാണ് കർത്താവ് കല്പിച്ചിട്ടുള്ളത്. ഗദരദേശത്തെ ഭൂതഗ്രസ്ഥനായിരുന്നവനോടു മാത്രം നീ വീട്ടിൽ ചെന്ന് പറയാൻ യേശു പറഞ്ഞുവിട്ടു. ശരിക്കും സൗഖ്യമായെങ്കിലേ വീട്ടിൽ പറയൂ. അങ്ങനെ ചെയ്യുന്നതിൽ വിരോധമില്ല.

ഇന്നത്തെ ക്രൂസേഡുകാര് പലരും ശരീരത്തെ മൊഴ മാറ്റാൻ വിദഗ്ദരാണ്. ബാംഗ്ലൂരിൽ നിന്ന് രു പ്രശസ്തർ വന്നിരുന്നു. അവരുടെ പ്രധാന ഐറ്റം കയ്യുടെ നീളം കൂട്ടുന്നതാ (പാസ്റ്റർ എം.എ. വർഗ്ഗീസ്, ബ്ര.റാം ബാബു എന്നിവർ ഇങ്ങനെ ചെയ്തതായി കേട്ടു) രു കൈകളും നീട്ടിപ്പിടിച്ചിട്ട് ഇതാ കോ ഈ കൈ മറ്റേക്കയ്യേക്കാൾ അര ഇഞ്ച് നീളം കുറവാ. യേശു ഇപ്പോൾ ഇത് നീളം കൂട്ടി മറ്റേ കൈ പോലെയാക്കും പിള്ളാര് കഞ്ഞീം കറീം വച്ച് അപ്പനും അമ്മയും കളിക്കുന്നതു പോലെയേ എനിക്കിതു തോന്നിയുള്ളൂ.

ഈ നീളക്കുറവ് ആ ആളുപോലും അറിഞ്ഞിട്ടില്ല. അഥവാ അങ്ങനുങ്കിൽ തന്നെ അവർക്ക് യാതൊരു ബുദ്ധിമുട്ടും ശല്യവും ഇല്ല തന്നെ.

പിന്നെ ഈ അത്ഭുതക്കാരൻ എന്തിനാണിതിനെ വലിയ കാര്യമായി അവതരിപ്പിക്കുന്നത്? മഹത്വമെടുക്കാൻ ദൈവനാമത്തെ അപമാനിക്കാൻ! ഇതൊക്കെയാണ് യേശു ചെയ്യുന്ന അത്ഭുതം എന്നു വരുത്താൻ. ഇത്രയൊക്കെയേ യേശുവിനു ചെയ്യാൻ കഴിയൂ എന്നു വരുത്തി അപമാനിക്കാൻ ഇതെല്ലാം ഈ മിടുക്കന്മാർ നിരീശ്വരവാദികളുൾപ്പെടെയുള്ള നാട്ടുകാരുടെ മുൻപിലാണ് ചെയ്തു ഞെളിയുന്നതെന്നോർക്കണം.

## ജനം സ്തുതിച്ചില്ലെങ്കിൽ അസ്വസ്ഥരാകുന്ന പ്രസംഗകർ

സ്തുതി ദൈവത്തിനു മാത്രമാണ്. തങ്ങൾ **ഒരു പോയിന്റു പറയുമ്പോൾ ജനം കയ്യടിച്ചു സ്തുതിച്ചു കൊടുക്കണം** എന്ന് നിർബന്ധമുള്ളവർ ആ സ്തുതി സ്വന്തം അക്കൗിൽ നിക്ഷേപിക്കുന്നവരാണ്. ഇത് തിരിച്ചറിയണമെങ്കിൽ മറ്റൊരാൾ പ്രസംഗിക്കുമ്പോൾ ഈ ഉണർവ്വുകാർ അനങ്ങാതിരിക്കുന്നതു ശ്രദ്ധിച്ചാൽ മതി. സ്തുതി ദൈവത്തിനാണെന്നാ പറച്ചില്. പക്ഷെ ശരിക്കും അതെടുക്കുന്നത് ഈ പ്രസംഗകരാണ്.

## എന്താണ് പ്രതിവിധി

**ദ്രവ്യാഗ്രഹം മൂത്ത,** ദൈവമഹത്വം തട്ടിയെടുക്കുന്ന വികാരക്രൂസേഡുകാർ ഈ പ്രകടനങ്ങൾ സ്വന്തമായി നിർത്തുമെന്ന് ഒരിക്കലും പ്രതീക്ഷിക്കേ. ദൈവജനം മുന്നോട്ടു വന്നെങ്കിലേ ഇതു സാധിക്കൂ. **ഇത്തരക്കാരെ യോഗങ്ങൾക്കു വിളിക്കാതിരിക്കു.**

അഥവാ വിളിച്ചാൽ അവരെ കാര്യം പറഞ്ഞു ബോധ്യപ്പെടുത്തുക. ആവശ്യത്തിലധികം മൈക്കു വയ്ക്കാതിരിക്കുക, **കയ്യടിച്ചുള്ള ആരാധനയും അന്യഭാഷയുമെല്ലാം മൈക്കിലൂടെ കേൾപ്പിക്കാതിരിക്കുക.**

ഏതു യോഗം കഴിയുമ്പോഴും സംഘാടകരോടും പ്രസംഗകനോടും സംസാരിക്കുക. നല്ലതിനെ നല്ലതെന്നും, തീയതിനെ തീയതെന്നും അവരോടു തുറന്നു പറയുക. അഭിനന്ദിക്കേതിനെ അഭിനന്ദിക്കുക. ഒഴിവാക്കേതിനെ അവരെ ഓർമ്മപ്പെടുത്തുക. ദൈവത്തിനുള്ള മഹത്വം മറ്റാരും ഒരു രീതിയിലും തട്ടിയെടുക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക. അതിനായി പ്രാർത്ഥനയോടെ സംഘടിക്കുക.

**നാട്ടുകാരിറങ്ങി തല്ലുന്നതിനുമുമ്പ് വെളിവുള്ള ദൈവമക്കൾ ഇവരെ നിയന്ത്രിക്കണം. ഇവർ പിശാചിന്റെ മിഷണറിമാർ നിരവധി സ്ഥലങ്ങളിൽ ഇവർ നിമിത്തം സുവിശേഷത്തിന്റെ വാതിൽ അടഞ്ഞിട്ടു്. മര്യാദയ്ക്ക് അടങ്ങിനിന്നു സുവിശേഷം പ്രസംഗിക്കുന്നവരെ പ്രോത്സാഹിപ്പിക്കാം.**

# മുന്നറിയിപ്പു-ശ്രദ്ധിക്കുവിൻ

എന്റെ ജാമക്കാരൻ ഇ-മെയിലിൽ ചിലർ തെറ്റായ രീതിയിൽ കയ്യടക്കി വരുന്നതായി വാർത്തകൾ വന്നുകൊിരിക്കുന്നു. അതുകൊു എന്റെ ഇ-മെയിൽ HACK ചെയ്തിരിക്കുന്നു എന്നറിയിക്കുന്നു.

✱ നിങ്ങൾ എനിക്കു ഇ-മെയിലിൽ വാർത്തകളോ കത്തോ അയച്ചാൽ അതിനുമാത്രമേ ഞാൻ ഇ-മെയിൽ വഴിയായി മറുപടി അയയ്ക്കുകയുള്ളൂ. ഞാൻ Forwarded Messages ഇതുവരെ ആർക്കും അയച്ചിട്ടില്ല.

✱ എനിക്കു FACE BOOK ൽ ACCOUNT ഒന്നും ഇല്ല.

✱ എനിക്കു FACE BOOK ആരംഭിക്കുന്ന ചിന്ത ഇല്ല.

✱ FACE BOOK ൽ ജാമക്കാരന്റെ പേരിൽ എന്തു വന്നാലും ആരും അതു വിശ്വസിക്കരുത്.

✱ എന്റെ പേരിലോ, ജാമക്കാരൻ പേരിലോ ഏതെങ്കിലും തെറ്റായ വിവരം വന്നാൽ ഉടനേ അതിന്റെ വിവരം എനിക്കു അയച്ചു അറിയിക്കാൻ അപേക്ഷിക്കുന്നു. ഈ വിഷയം വളരെ മുഖ്യമായതാകുന്നു. അതുകൊ് ജാമക്കാരൻ വായനക്കാർ ഇതിനായി പ്രാർത്ഥിക്കണേ!

കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഇ-മെയിൽ, ഫേസ് ബുക്ക് എന്നിവ വഴി പിശാചു ഈ അവസാനകാലത്തിൽ ക്രൈസ്തവ ജനങ്ങളെയും ദൈവവേലക്കാരെയും വഞ്ചിച്ചുകൊിരിക്കുന്നു. അതുകൊു ക്രൈസ്തവവിശ്വാസികൾ ജാഗ്രത ഉള്ളവരായിരിക്കണം.

**ജാമക്കാരൻ**

# കന്യാകുമാരി C.S.I ഡയോസിസ്
# ഐറേണിപുരം സി.എസ്.ഐ കൺവെൻഷൻ




കന്യാകുമാരി ജില്ലയിൽ ഐറേണിപുരം എന്ന സ്ഥലത്തിൽ നടന്ന യോഗത്തിൽ പള്ളിയുടെ മൈതാനത്തിൽ വെച്ച് നടന്നു. സമീപ പ്രദേശങ്ങളിൽ നിന്നു ധാരാളം ജനങ്ങൾ പങ്കെടുത്തു. തിരുവനന്തപുരത്തിൽ നിന്നും ചില കുടുംബങ്ങൾ യോഗങ്ങളിൽ പങ്കുചേർന്ന് അനുഗ്രഹിക്കപ്പെട്ടു. District Chairman ഉം Senior Pastor ഉം മായ Rev.ജെ.ഒളിവർ സ്റ്റാൻലി അവർകളും അസിസ്റ്റന്റ് പാസ്റ്റർ Rev.ആർ.രഞ്ജിത്ത് സുന്ദർ, Rev.അനീഷ് റൂബൻ അവർകളും, സഭാഭാരവാഹികളും ചേർന്ന് ഈ യോഗത്തിന്റെ ക്രമീകരണങ്ങൾ പ്രാർത്ഥനാപൂർവ്വം ചെയ്തിരുന്നു. യോഗത്തിന് ചില ആഴ്ചകൾ മുൻപേ യോഗാനുഗ്രഹത്തിനായി ഉപവാസ പ്രാർത്ഥനകൾ ക്രമീകരിച്ചിരുന്നു. ഇങ്ങനെ ഉള്ള പ്രാർത്ഥനാ ഒരുക്കങ്ങൾ യോഗത്തിന്റെ ഉണർവ്വിന് കാരണമാകുന്നു. കർത്താവിന് സ്തുതിയുാവട്ടെ.

## ഫോൺ വഴി പ്രാർത്ഥനയും ആലോചനയും

എന്നെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിക്കുന്നവർ ഞാൻ ആരോടെങ്കിലും സംസാരിച്ചുകൊിരിക്കുമ്പോൾ, എന്നോടു സംസാരിക്കാൻ സാധിക്കാതെ നിരാശരാകുന്നതു എനിക്കറിയാം. പക്ഷേ ആ വിവരം അറിയുമ്പോൾ എനിക്ക് പ്രയാസം തോന്നാറു്.

അതുകൊു കഴിയുന്നതും ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചു നിരാശരാകാതെ വിശദവിവരം ഫോൺ നമ്പർ സഹിതം എന്നെ എഴുതി അറിയിച്ചാൽ ഉപകാരമായിരിക്കും.

# ട്രൈബൽ മിഷൻ ആഭിമുഖ്യത്തിൽ തൃശ്ശൂർ ശാരോൻ എബനേസർ മൈതാനത്തിൽ നടത്തിയ പ്രമോഷണൽ യോഗത്തിൽ ജനറൽ സെക്രട്ടറി ഡോ. കെ. മുരളീധർ നടത്തിയ പ്രസംഗം...



*ഡോ. കെ. മുരളീധർ MD.MNAMS*

**ലോ**കത്ത് സുവിശേഷം വരുത്തിയ വിപ്ലവകരമായ മാറ്റങ്ങൾ അതുല്യവും അതിശയകരവും ആയിട്ടുള്ളതാണ്. ലോകത്തിലെ വിവിധ ഭൂഖണ്ഡങ്ങളിൽ അറിയപ്പെടാതെ മറഞ്ഞുകിടന്നിരുന്ന അനേക ഗ്രാമങ്ങളും പ്രവശ്യകളും ലോകശ്രദ്ധയിലേക്ക് ഉയർത്തിക്കൊണ്ട് വരുവാൻ ക്രിസ്തിയ മിഷണറിമാർക്ക് കഴിഞ്ഞിട്ടുണ്ട്. നാം അതിവസിക്കുന്ന ചെറിയ സംസ്ഥാനമായ കേരളത്തിലും മിഷണറി പ്രവർത്തനത്താൽ ആരും കാര്യമായി അറിയപ്പെടാതെ മറയപ്പെട്ട് കിടന്നിരുന്ന അനേക ആദിവാസി ഊരുകൾ ജനശ്രദ്ധയിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുള്ളതിനാൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അങ്ങനെയുള്ള ഗ്രാമങ്ങളിൽ ചിലതാണ് അട്ടപ്പാടി പ്രദേശത്തെ ഷോളയൂർ പഞ്ചായത്തിൽപ്പെട്ട കിരിപതി, വെച്ചുപതി തുടങ്ങിയ സ്ഥലങ്ങൾ. ഉണങ്ങി വരണ്ട് ചിന്നപിന്നമായി താഴ്‌വരകളിൽ ചിതറിക്കിടന്ന അസ്ഥിക്കഷണങ്ങളെ ചൂണ്ടിക്കാട്ടി ഈ അസ്ഥികൾ ജീവിക്കുമോ എന്ന് യഹസ്കേൽ പ്രവാചകനോട് യഹോവയായ ദൈവം ചോദിക്കുന്നതായി നാം കാണുന്നു. (യഹ. 37) ഉണങ്ങി വരണ്ട അസ്ഥികളിൽ മാംസം പൊതിഞ്ഞ് ജീവനുള്ള ദേഹം ദേഹികളായി മാറിയ ചരിത്രം നാം ബൈബിളിൽ വായിക്കുന്നുണ്ട്. ബന്ധം വിട്ടു ചിതറിക്കിടന്ന അവസ്ഥയിൽ ആത്മീയജീവൻ നഷ്ടപ്പെട്ട് ചിതറി പാർത്തിരുന്ന ആദിവാസി സമൂഹം അനേകഗിരിപ്രദേശങ്ങളിൽ കർത്താവിന് വേണ്ടി യുദ്ധം ചെയ്യുന്ന ആല്മീയസൈന്യമായി ഉയർത്തെഴുന്നേറ്റുകൊണ്ടിരിക്കുന്നു.

ലൂക്കോസിന്റെ സുവിശേഷം ഇരുപത്ത രണ്ടാം അദ്ധ്യായം ഏഴ് മുതലുള്ള വാക്യങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് കർത്താവിന്റെ ഇ ലോക ജീവിതത്തിലെ അവസാന ശുശ്രൂഷയിൽ നടത്തിയ പെസഹ വിരുന്നിനെക്കുറിച്ച് തുടർന്ന് പ്രസംഗിക്കയുണ്ടായി. പെസഹയുടെ വിരുന്നൊരുക്കുവാൻ സ്ഥലം കണ്ടുപിടിക്കുന്നതിലേക്ക് തന്റെ ശിഷ്യന്മാരായ പ്രതോസിനെയും യോഹന്നാനെയും ചുമതലപ്പെടുത്തുന്നു. എവിടെയാണ് സ്ഥലം ഒരുക്കേണ്ടതെന്ന് ചോദിച്ചപ്പോൾ കർത്താവ് പറഞ്ഞു നിങ്ങൾ തലയിൽ വെള്ളം ചുമന്നുകൊണ്ടുപോകുന്ന ഒരു മനുഷ്യനെക്കാണും. അവൻ വിരുന്ന് ഒരുക്കേണ്ടുന്ന സ്ഥലം നിങ്ങൾക്ക് കാണിച്ചുതരും. കർത്താവ് പറഞ്ഞതുപോലെ അത്തരത്തിലുള്ള ഒരു മനുഷ്യനെ അവർ കാണുന്നു. വിരിച്ചൊരുക്കിയ ഒരു മാളികമുറി ശിഷ്യന്മാർക്ക് അവൻ കാട്ടിക്കൊടുത്തു. കർത്താവിന് വിരുന്ന് നടത്തുവാൻ സ്ഥലം കാട്ടിയ മനുഷ്യൻ ആരാലും അറിയപ്പെടുന്നവനല്ല. അവന്റെ പേരോ മറ്റ് പശ്ചാത്തലങ്ങളോ ഒന്നുംതന്നെ എന്താണെന്നുള്ളത് ബൈബിളിൽ എങ്ങും രേഖപ്പെടുത്തിയിട്ടില്ല. ചുരുക്കത്തിൽ അഡ്രസ്സ് ഇല്ലാത്ത ഒരു പാപം മനുഷ്യൻ കർത്താവിന്റെ പ്രഗത്ഭ ശിഷ്യന്മാരായ പത്രോസും യോഹന്നാനും ആ പാപം മനുഷ്യന്റെ പിന്നാലെ നടന്നുപോയി. ഇങ്ങനെ ഒരു മനുഷ്യനെ കർത്താവ് തെരഞ്ഞെടുത്തത് എന്തുകൊണ്ട് എന്ന് പഠിക്കുമ്പോൾ ഒരു ആത്മീയ മർമ്മം ഇതിലിരുന്ന് പഠിക്കുവാൻ കഴിയും. അവൻ സമൂഹത്തിൽ താഴ്ന്ന അവസ്ഥയിൽ ഉള്ളവനായിരിക്കാം. എന്നാൽ അവൻ ചെയ്തു

യിരിക്കാം. എന്നാൽ അവൻ ചെയ്തുകൊണ്ടിരുന്ന ജോലി വിശ്വസ്ഥതയോടുകൂടി ചെയ്യുന്നവനായിരുന്നു. കൃത്യസമയത്ത് മുടങ്ങാതെ അവൻ ജോലി ചെയ്തുകൊണ്ടിരുന്നത് കർത്താവ് അറിഞ്ഞു. കർത്താവ് തന്റെ ആവശ്യങ്ങൾക്കായി എന്നും അന്വേഷിക്കുന്നതും തെരഞ്ഞെടുക്കുന്നതും സമൂഹത്തിൽ ഒരുവൻ എത്രമാത്രം ഉന്നതനാണ് എന്ന് നോക്കിയിട്ടല്ല ദൈവം നിന്നെ ആക്കിയിരിക്കുന്ന സ്ഥാനത്ത് എത്രമാത്രം വിശ്വസ്ഥനാണ് എന്നതിന്റെ അടിസ്ഥാനത്തിലത്രെ. ആ സമയത്ത് അവൻ എവിടെയായിരിക്കും എന്ന് കർത്താവിന് ഉറപ്പുണ്ടായിരുന്നു. ദൈവം ഏല്പിച്ച ശുശ്രൂഷ വിശ്വസ്ഥതയോടെ ചെയ്താൽ ദൈവം നിന്നെ ഉപയോഗിക്കും. ദൈവം നിന്നെ അനുഗ്രഹിക്കും. ദൈവാനുഗ്രഹത്തിന്റെ തെളിവ് ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ ഉണ്ടാകുന്നതാണ്. വിശ്വാസികളുടെ സൽപ്രവൃത്തി കണ്ട് മറ്റുള്ളവർ ദൈവത്തെ സ്തുതിക്കുന്നു. ദൈവം നിന്നെ ഉപയോഗിക്കണമെങ്കിൽ ദൈവം പ്രതീക്ഷിക്കുന്നിടത്ത് കർത്താവിന് നിന്നെ ലഭിക്കുന്നു. കർത്താവ് പ്രതീക്ഷിച്ചെടുത്ത് അവനെ ലഭിച്ചതിനാൽ പത്രോസിനെയും യോഹന്നാനെയും വഴികാട്ടിയായി കർത്താവ് അവനെ ഉപയോഗിക്കുന്നു. ◆

## വായനക്കാരുടെ ശ്രദ്ധയ്ക്കു – അറിയിപ്പ്
## മണിയോടർ (EMO)

EMO വഴി ആയി മണിയോടർ അയിച്ചവർ പണം അയിച്ചിട്ടും മാസിക എന്തുകൊ് അയിച്ചില്ല എന്നു എനിക്കു കത്തെഴുതി ചോദിക്കുന്നു. ഇപ്പോഴുള്ള EMO മണിയോടറിൽ, ഏതു കാര്യത്തിനുവേ പണം അയച്ചു എന്നു വിവരം എഴുതാൻ സാധിക്കുന്നില്ല.

അതുകൊ് മണിയോടർ വഴിയായോ, ഓൺലൈൻ മൂലം ബാങ്കു വഴിയായോ പണം അയക്കുന്നവർ. നിങ്ങളുടെ മേൽ വിലാസത്തിനോടൊപ്പം ഏതു കാര്യത്തിനുവേ അയച്ചു എന്നു കത്തെഴുതി അറിയിച്ചാൽ വളരെ ഉപഹാരമായിരിക്കും.

■ എന്റെ ബാങ്ക് പാസ്ബുക്കിൽ ഓൺലൈൻ വഴിയായി പണം അയക്കുന്നവരുടെ പേരും, സ്ഥലവും പോലും സൂചിപ്പിക്കുന്നില്ല. അതുകൊു പണം അയച്ചയുടനെ ഒരു കത്തു വഴിയായി നിങ്ങൾ പണം അയച്ച വിവരം, കാരണം, തുക, ബാങ്കിന്റെ പേര്, നിങ്ങളുടെ വിലാശം, ഏതു തിയതി എന്നല്ലാം എഴുതി അറിയിച്ചാൽ രസീത് അയിക്കാൻ സൗകര്യം ആയിരിക്കും.

അതു മാത്രമല്ല പ്രധാനമായി **ഇൻകം ടാക്സിനു** അര് അയച്ചു, എന്തിനു വേി അയച്ചു എന്ന വിവരങ്ങൾ അറിയിക്കാൻ വളരെ ഉപയോഗമായിരിക്കും.

ഈ വിഷയത്തിൽ നിങ്ങൾ എനിക്ക് സഹകരിക്കണം. ഈ ദൈവ വേലയിൽ പങ്കുചേരുന്ന നിങ്ങൾ ഏവരെയും ദൈവം അനുഗ്രഹിക്കുമാരാകട്ടെ.

# പ്രത്യേക അറിയിപ്പ്

ജാമക്കാരൻ വായനക്കാരുടെ അഡ്രസു ലിസ്റ്റ് പുതുക്കുവാൻ പോകുന്നു. മാസിക വേ എന്നു പറയുന്നവർ REFUSED എന്ന് മാസികയിൽ തന്നെ എഴുതി, തിരികെ അയച്ചാൽ, നിങ്ങളുടെ അഡ്രസ് കംപ്യൂട്ടറിൽ നിന്ന് നീക്കി കളയാൻ സാധിക്കും.

നിങ്ങളുടെ പേരിലോ അഡ്രസിലോ, അക്ഷരതെറ്റുകൾ, പേർമാറ്റം ഉങ്കെിൽ, പഴയ അഡ്രസിനോടു പുതിയ അഡ്രസും എഴുതി നിങ്ങളുടെ ഫോൺ നമ്പരും വച്ച് എന്നെ അറിയിച്ചാൽ പുതിയ അഡ്രസ് ലിസ്റ്റിൽ തിരുത്തി ചേർക്കുവാൻ സാധിക്കും.

മാസിക പുതുതായി ആവശ്യപ്പെടുന്നവർ നിങ്ങളുടെ മേൽവിലാസം പിൻകോഡും നിങ്ങളുടെ ഫോൺ നമ്പരും എഴുതി അറിയിക്കണം. പ്രാർത്ഥനാ കുറിപ്പു ഉങ്കെിലും അതിനോടു ചേർത്ത് എഴുതി അറിയിക്കേണം.

ആർക്കെങ്കിലും 2 മാസിക ഒരേ അഡ്രസിലേക്ക് വരുന്നെങ്കിൽ എന്നെ അറിയിക്കണം ആവശ്യമില്ലാത്ത മാസിക തിരികെ അറിയിച്ചാലും വലിയ ഉപകാരം ആയിരിക്കും.

–ജാമക്കാരൻ

JULY 2014

Printed Book/Book Post

To

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at Priya Pathipagam,197.LIC Colony, Salem-636 004
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.